# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂൺ 15 | ദീപം 56 | നാളം 15 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# മണിപ്പൂർകലാപം മറ്റൊരു വർഗീയ അജണ്ടയോ?





സെബി മാത്യു

കലാപത്തീ ഇനിയും അണഞ്ഞിട്ടില്ലാത്ത മണിപ്പൂരിൽനിന്ന് സംഘർഷവാർത്തകളാണ് വീണ്ടും വീണ്ടും കേട്ടുകൊണ്ടിരിക്കുന്നത്. തിങ്കളാഴ്ച വെസ്റ്റ് ഇംഫാൽ ജില്ലയിലും മറ്റിടങ്ങളിലും സായുധസംഘങ്ങൾ ഏറ്റുമുട്ടി. കുക്കി - മെയ്തി വിഭാഗവും കുക്കി - വില്ലേജ് വളണ്ടിയർ സംഘവും തമ്മിലാണ് വിവിധയിടങ്ങളിൽ ഏറ്റുമുട്ടലുണ്ടായത്. സംഘർഷം നിയന്ത്രിക്കാൻ ശ്രമിക്കുന്നതിനിടെ ഒരു ബിഎസ്എഫ് ജവാൻ ഉൾപ്പെടെ മൂന്നുപേർ കൊല്ലപ്പെടുകയും നിരവധി പേർക്കു പരുക്കേൽക്കുകയും ചെയ്തു. അക്രമങ്ങളിൽ സൈനികർക്കും പരുക്കേറ്റു.

വീണ്ടും അക്രമം പൊട്ടിപ്പുറപ്പെട്ടതിനെത്തുടർന്ന് സംസ്ഥാനത്ത് മേയ് മൂന്നിന് ഏർപ്പെടുത്തിയ ഇന്റർനെറ്റ്നിരോധനം ജൂൺ പത്തുവരെ നീട്ടിയിരിക്കുകയാണ്. കലാപം പൊട്ടിപ്പുറപ്പെട്ട മേയ് മൂന്നിനാണ് സംസ്ഥാനത്ത് ഇന്റർനെറ്റ്സേവനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവിറങ്ങിയത്. പുതിയ ഉത്തരവുപ്രകാരം ജൂൺ പത്തിന് വൈകിട്ട് മൂന്നുവരെയാണ് ഇന്റർനെറ്റ് സേവനം റദ്ദാക്കിയിരിക്കുന്നത്. സാമൂഹികവിരുദ്ധരും ദേശവിരുദ്ധരും സോഷ്യൽ മീഡിയവഴി തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതു തടയാനും ആക്രമപ്രവർത്തങ്ങൾക്ക് ആളുകളെ പ്രേരിപ്പിക്കാതിരിക്കാനുമുള്ള മുൻകരുതലാണ് നടപടി.

എന്നാൽ, ജൂൺ അഞ്ചിലെ അക്രമണത്തിൽ 48 മണിക്കൂറിനുള്ളിൽ നിരവധി കുക്കി ഗ്രാമങ്ങൾ മെയ്തി സായുധസംഘങ്ങൾ നശിപ്പിച്ചതായി ഇൻഡിജിനസ് ട്രൈബൽ ലീഡേഴ്സ് ഫോറം ആരോപിച്ചു. മലയോരമേഖലകളിൽ വെടിവയ്പ്പു തുടരുകയാണെന്നാണ് അവർ നല്കിയ വിവരം. എന്നാൽ, ഇതു സംബന്ധിച്ച് ഔദ്യോഗികവിശദീകരണങ്ങളൊന്നും ലഭ്യവുമല്ല.

സായുധസംഘങ്ങളുടെ ആയുധങ്ങൾ കണ്ടെത്താനുള്ള ഓപ്പറേഷൻ തുടരുകയാണെന്നാണ് സൈന്യത്തിന്റെ ഭാഗത്തുനിന്നുള്ള വിവരം. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷായുടെ മണിപ്പൂർസന്ദർശനത്തിനുശേഷം നടത്തിയ റെയ്ഡുകളിൽ നിരവധി ആയുധങ്ങളും വെടിയുണ്ടകളും കണ്ടെത്തിയതായി സൈന്യം ലിസ്റ്റ് പുറത്തുവിട്ടിരുന്നു. അനുമതിയില്ലാതെ സൂക്ഷിച്ചിരിക്കുന്ന ആയുധങ്ങൾ തിരികെനല്കണമെന്ന അമിത്ഷായുടെ നിർദേശപ്രകാരം നിരവധിപേർ പോലീസ് സ്റ്റേഷനിലെത്തി ആയുധങ്ങൾ വച്ചു കീഴടങ്ങിയിരുന്നു.

കഴിഞ്ഞയാഴ്ച കേന്ദ്ര ആഭ്യന്തരമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ സമാധാനനീക്കങ്ങൾക്കു പിന്നാലെ മണിപ്പൂരിൽ സ്ഥിതിഗതികൾ സാധാരണനിലയിലേക്കു മടങ്ങുകയാണെന്ന് സംസ്ഥാനസർക്കാർ അവകാശപ്പെട്ടിരുന്നു. അഞ്ചു ജില്ലകളിൽ കർഫ്യൂ പൂർണമായും പിൻവലിക്കുകയും മറ്റിടങ്ങളിൽ ഏതാനും മണിക്കൂറുകൾ ഇളവനുവദിക്കുകയും ചെയ്തു. മേയ് മൂന്നിനാണ് മണിപ്പൂരിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. ഇതുവരെ നൂറിലേറെപ്പേർ കൊല്ലപ്പെടുകയും മുന്നൂറിലധികം പേർക്കു പരുക്കേൽക്കുകയും ചെയ്തതായാണ് മണിപ്പൂർ സർക്കാർ പുറത്തുവിട്ട വിവരം.

▶8

# ഈ ലോകകേരളപ്രഹസനം ആർക്കുവേണ്ടി?



പ്രഫ. റോണി കെ. ബേബി

ജൂൺ 9 10, 11 തീയതികളിൽ ന്യൂയോർക്കിൽ നടക്കുന്ന ലോക കേരള സഭാ മേഖലാസമ്മേളനം വലിയ വിവാദങ്ങൾ ക്ഷണിച്ചുവരുത്തിയിരിക്കുകയാണല്ലോ. അമേരിക്കൻ മേഖലാസമ്മേളനത്തിനു പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനെച്ചൊല്ലിയാണ് മുഖ്യമായും വിവാദം ഉണ്ടായിരിക്കുന്നത്. സമ്മേളനത്തിൽ മുഖ്യമന്ത്രിക്കൊപ്പമിരിക്കാൻ വൻതുക പിരിക്കുന്നെന്ന റിപ്പോർട്ടുകളാണ് വിവാദത്തിന് അടിസ്ഥാനം. ന്യൂയോർക്കിലെ ആഡംബര ഹോട്ടലിലാണ് ലോക കേരളസഭയുടെ മേഖലാസമ്മേളനം നടത്താൻ നിശ്ചയിച്ചിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അമേരിക്കയിൽ വ്യാപകമായ രീതിയിൽ പണപ്പിരിവ് നടക്കുന്നുവെന്നാണ് ആരോപണം. മേഖലാസമ്മേളനവുമായി ബന്ധപ്പെട്ട് അമേരിക്കൻമലയാളികളുടെ ഗ്രൂപ്പുകളിൽ പ്രത്യക്ഷപ്പെട്ട, മന്ത്രിമാരുടെ ചിത്രം സഹിതമുള്ള പണപ്പിരിവിന്റെ പോസ്റ്ററാണ് വിവാദങ്ങൾക്കു തുടക്കംകുറിച്ചത്. താരനിശമാതൃകയിൽ സമ്മേളനത്തിന്റെ താരിഫ് കാർഡ് പുറത്തിറക്കി പണപ്പിരിവു നടത്തുന്നു എന്നാണ് പ്രധാന ആക്ഷേപം. ഇതിനൊപ്പം ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ തുക നിശ്ചയിച്ചിരിക്കുന്ന പാസുകളിലെ ഓഫറുകളും വിമർശനം ഏറ്റുവാങ്ങുന്നു.




82 ലക്ഷം രൂപ വിലവരുന്ന ഗോൾഡ്, സിൽവർ പാസുകൾ എടുക്കുന്നവർക്ക് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളുമായി വേദി പങ്കിടാമെന്നതാണു പ്രത്യേകത. സ്റ്റേജിൽ കസേര, മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വിഐപികൾക്കൊപ്പമിരുന്നു ഭക്ഷണം, ആഡംബരവാഹനത്തിൽ യാത്ര, രണ്ടു സ്വീറ്റ് മുറികൾ, നോട്ടീസിൽ രണ്ടു പേജ് പരസ്യം എന്നിവയാണ് വാഗ്ദാനങ്ങൾ. സിൽവർ പാസിന് 50,000 യുഎസ് ഡോളറാണ്. ഇന്ത്യൻ രൂപ 41 ലക്ഷം. ബ്രോൺസ് പാസിന് യുഎസ് ഡോളർ 25,000 മാണ് ഈടാക്കുന്നത്. ഇന്ത്യൻ രൂപ ഏകദേശം 20.5 ലക്ഷം. വിഐപികൾക്കൊപ്പം ഡിന്നർ, സ്റ്റേജിൽ ഇരിപ്പിടം എന്നിവയൊഴിച്ചുള്ള സിൽവർ സൗകര്യങ്ങൾ ലഭിക്കും. കേരളത്തിനു മുഴുവൻ നാണക്കേടുണ്ടാക്കുന്ന കാര്യങ്ങളാണ് അമേരിക്കയിൽ നടക്കുന്നതെന്നും മുഖ്യമന്ത്രിക്കൊപ്പമിരിക്കാൻ പണം പിരിക്കുന്നത് കേട്ടുകേൾവിയില്ലാത്ത നടപടിയാണെന്നുമാണ് ഉയരുന്ന വിമർശനം.

▶12

# പാലായ്ക്കു തിളക്കമേറ്റിയ പൊലീസ്പെരുമ



അഡ്വ. കെ.എം. സെബാസ്റ്റ്യൻ കൊട്ടാരത്തുംകുഴി

**ഇ**ന്ത്യൻ പ്രസിഡന്റായിരുന്ന ഡോ. കെ.ആർ. നാരായണൻ ഉൾപ്പെടെ ദേശീയ - അന്തർദേശീയപ്രശസ്തരായ ഒട്ടേറെ മഹാരഥൻമാർക്കു ജന്മം നൽകിയ മണ്ണാണ് പാലാ.

ആ ശ്രേണിയിൽ ഡോ. ബി. സന്ധ്യ ഐ.പി.എസിനും അത്ര ചെറുതല്ലാത്ത ഒരു സ്ഥാനമുണ്ട്. പാലായെ എപ്പോഴും എവിടെയും അഭിമാനത്തോടെ നെഞ്ചിലേറ്റുന്ന പാലാക്കാരുടെ സ്വന്തം സന്ധ്യ, അഴിമതിയുടെ കറ പുരളാത്ത ബാറ്റൺ പത്തരമാറ്റോടെ തിരികെയേല്പിച്ച് മേയ് 31 നു സർവീസിൽനിന്നു വിരമിച്ചിരിക്കുന്നു.



പാലായുടെ ഉന്നതസംസ്കാരവും പ്രകൃതിയും ഡോ. ബി. സന്ധ്യയുടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നുള്ളതിൽ തർക്കമില്ല. ബാല്യത്തിൽ വീടിനുസമീപത്തെ മീനച്ചിലാറ്റിൽ ഒഴുക്കിനെതിരേ നീന്തി ആർജിച്ചെടുത്ത ചോരാത്ത വീര്യമാണ് തന്റെ ജീവിതത്തിലും പ്രൊഫഷണലിലും പലതും നേരിടാനുള്ള കരുത്തേകിയതെന്ന് അവർതന്നെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. സന്ധ്യയുടെ രചനകളിൽ പലതിലും മീനച്ചിലാറ്റിലെ കൊച്ചോളങ്ങളുടെയും നീർത്തുള്ളികളുടെയും സ്പർശമുണ്ട്. സ്ഫുടവും ഉയർന്ന ശബ്ദത്തിലുള്ളതുമായ ഡോ. ബി.സന്ധ്യയുടെ പ്രഭാഷണങ്ങൾ സാഹിത്യാത്മകവും ഈടുറ്റതുമാണ്.

1963 മേയ് 25 ന് പാലാ-മുരിക്കുംപുഴയിലെ പുരാതന നായർ തറവാടായ ശാന്തിനിവാസിൽ ഭാരത് ദാസിന്റെയും തലപ്പലം പാണ്ടിയാങ്കൽ കൊച്ചുപുരയ്ക്കൽ കാർത്ത്യായനിയമ്മയുടെയും രണ്ടു മക്കളിൽ മൂത്ത മകളായി ഡോ. ബി. സന്ധ്യ ജനിച്ചു. ബാല്യത്തിൽ അച്ഛന്റെ ബിസിനസ്സുമായി ബന്ധപ്പെട്ട് ആലപ്പുഴയിൽ താമസിക്കവേ ഏഴാം ക്ലാസ്സ് വരെ ആലപ്പുഴ സെന്റ് ആന്റണീസ് സ്കൂളിലും, പിന്നീട് എട്ടാം ക്ലാസ്സ് പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലും, തുടർന്ന് 9, 10 ക്ലാസ്സ് ഭരണങ്ങാനം സേക്രഡ് ഹാർട്ട് സ്കൂളിലുമായി പഠനം പൂർത്തിയാക്കി. ഭരണങ്ങാനത്തെ പഠനകാലത്ത് എഴുതുന്നതിലും പ്രസംഗിക്കുന്നതിലുമുള്ള സന്ധ്യയുടെ വേറിട്ട പ്രാഗല്ഭ്യം തിരിച്ചറിഞ്ഞ സിസ്റ്റർ ജോസിറ്റ കിണറ്റുകര, സന്ധ്യയ്ക്ക് സിവിൽ സർവീസ് കരസ്ഥമാക്കാനുള്ള കഴിവുണ്ടെന്നും അതിലൂടെ രാഷ്ട്രത്തെയും ജനങ്ങളെയും സേവിക്കാനാകുമെന്നും പറഞ്ഞു പ്രോത്സാഹിപ്പിച്ചു. ഇക്കാര്യം ഡോ. സന്ധ്യതന്നെ തന്റെ നിരവധി പ്രസംഗങ്ങളിലും ലേഖനങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുമുതലേ സന്ധ്യയ്ക്ക് ഇംഗ്ലീഷ്ഭാഷ നന്നേ വഴങ്ങിയിരുന്നു. ബാല്യത്തിൽത്തന്നെ എഴുത്തിനോടു താത്പര്യമുണ്ടായിരുന്ന അവർ നിരവധി കവിതകളും കഥകളും ഇംഗ്ലീഷിൽ രചിച്ചിരുന്നു.

സ്കൂൾവിദ്യാഭ്യാസത്തിനുശേഷം പാലാ അൽഫോൻസാ കോളജിൽനിന്ന് എം.എസ്.സി. സുവോളജി റാങ്കോടെ പാസ്സായി. സഹപാഠികളോടും അധ്യാപകരോടും അന്നേ നല്ല ആത്മബന്ധം പുലർത്തിയിരുന്നയാളാണ് ഡോ. ബി. സന്ധ്യയെന്ന് സഹപാഠികളും അധ്യാപകരും സാക്ഷ്യപ്പെടുത്തുന്നു. എം.എസ്.സി. കഴിഞ്ഞ് മത്സ്യഫെഡിൽ പ്രോജക്ട് ഓഫീസറായി ജോലി നോക്കവെ 1988 ലാണ് ഡോ. ബി. സന്ധ്യയ്ക്ക് ഐ.പി.എസ്. ലഭിക്കുന്നത്. കൂടാതെ, ഓസ്ട്രേലിയയിലെ വോളോംഗ്ഗോങ് സർവകലാശാലയിൽനിന്നു വുമൺ റിസോഴ്സ് മാനേജ്മെന്റിൽ പ്രത്യേക പരിശീലനവും, പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയിൽനിന്ന് 1999 ൽ പി.ജി.ഡി.ബി.എ.യും, ബിർളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസിൽ നിന്നു 2005 ൽ ഡോക്ടറേറ്റും നേടി.

നല്ല ആർജവത്തോടെ പൊലീസ്സേനയെ നയിച്ചിട്ടുള്ള സന്ധ്യ താൻ വഹിച്ചിട്ടുള്ള മിക്ക പദവികളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഏതു സർക്കാരുകൾ ഭരിച്ചാലും നിയമങ്ങൾ സത്യസന്ധമായും ജനോപകാരപ്രദമായും നടപ്പാക്കുന്നതിലും, പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പദവികൾക്കായി ഓടിനടന്നിട്ടുമില്ല.

പൊലീസ് സേനയിലെ കർമധീരതയും, താൻ വഹിച്ച പദവികളുടെ മാന്യതയും ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള സന്ധ്യയുടെ കരിയർ തിളക്കമാർന്നതുതന്നെയായിരുന്നു. വാർത്താപ്രാധാന്യം നേടിയ സൗമ്യവധവും, ജിഷവധവും സന്ധ്യയുടെ കുറ്റാന്വേഷണമികവിനുള്ള മികച്ച ഉദാഹരണങ്ങളാണ്. ഏറ്റവുമൊടുവിൽ ഫയർ ഡി.ജി.പി. യായിരുന്നപ്പോൾ ബ്രഹ്മപുരം തീപ്പിടിത്തം അണയ്ക്കുന്നതിന് സന്ധ്യയുടെ നേരിട്ടുള്ള നേതൃത്വം പ്രത്യേകം ശ്രദ്ധേയമായിരുന്നു. 2006 ലും 2014 ലും സ്തുത്യർഹമായ സേവനത്തിന് ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡിനർഹയായി. 2010 ൽ യു.എസ്.എ. യിൽ വച്ചു നൽകിയ ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് വുമൺ പൊലീസ് അവാർഡ് ഉൾപ്പെടെ ഒട്ടനവധി ചെറുതും വലുതുമായ അവാർഡുകളും സന്ധ്യയെത്തേടിയെത്തി. 1997 ൽ തൃശൂർ ജില്ലാ പൊലീസ് സൂപ്രണ്ടായിരുന്നപ്പോൾ കേരളത്തിലെ ഏറ്റവും നല്ല പൊലീസ് ഓഫീസർക്കുള്ള മുഖ്യമന്ത്രിയുടെ മെഡൽ നേടുകയുണ്ടായി. 2007 ൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനു നിയമപാലകർക്കുവേണ്ട കൈപ്പുസ്തകം തയ്യാറാക്കാൻ റിസോഴ്സ് പേഴ്സണായി യു.എന്നിൽ (വിയന്ന) പങ്കെടുത്തിട്ടുണ്ട്.

പൊലീസ്രംഗത്തെന്നപോലെ സാഹിത്യമേഖലയിലും ഡോ. ബി. സന്ധ്യ പ്രാവീണ്യം തെളിയിച്ചിട്ടുണ്ട്. താരാട്ട്, ബാലവാടി, കാട്ടാറിന്റെ കൂട്ടുകാരി, എത്ര നല്ല അമ്മു, ആറ്റുകുളത്തിലെ അദ്ഭുതങ്ങൾ തുടങ്ങിയ ബാലസാഹിത്യകൃതികൾ അവയിൽ ചിലതാണ്. റാന്തൽവിളക്ക്, നീർമരുതിലെ ഉപ്പൻ തുടങ്ങിയ കവിതകളും സ്ത്രീശക്തി എന്ന വൈജ്ഞാനികസാഹിത്യവും നീലക്കൊടുവേലിയുടെ കാവൽക്കാരി എന്ന നോവലും ഇവയിൽ ഉൾപ്പെടുന്നു. സാഹിത്യരംഗത്ത് കുഞ്ഞുണ്ണിപുരസ്കാരം, ഇടശ്ശേരി അവാർഡ്, ഗോപാലകൃഷ്ണൻ കോലടി അവാർഡ് തുടങ്ങിയ നിരവധി അവാർഡുകൾക്കും ഡോ. ബി. സന്ധ്യ അർഹയായിട്ടുണ്ട്. തനിക്കു ലഭിക്കുന്ന അവാർഡുതുകകൾ സ്വന്തം ആവശ്യങ്ങൾക്കുപയോഗിക്കാതെ ജീവകാരുണ്യപ്രവർത്തനങ്ങൾക്കു ചെലവഴിക്കുന്നുവെന്നത് തന്റെ മനസ്സിൽ അലിഞ്ഞുചേർന്നിരിക്കുന്ന ഉന്നതമായ മനുഷ്യസ്നേഹത്തിന്റെ പ്രതിഫലനമാണ്. തന്റെ ദീർഘനാളത്തെ പൊലീസ്സേനയിലെ അനുഭവങ്ങൾ മലയാളികൾക്ക്, പ്രത്യേകിച്ച് പാലാക്കാർക്കു പകർന്നുകൊടുക്കാൻ ഇനിയുള്ള കാലം സാധിക്കട്ടേ എന്നു പ്രാർത്ഥിക്കുന്നു.

കേരള യൂണിവേഴ്സിറ്റിയിൽ പരീക്ഷാ കൺട്രോളറായിരുന്ന ഡോ. കെ. മധുകുമാർ ഭർത്താവും, മെഡിക്കൽ സയൻസിൽ മാസ്റ്റർ ബിരുദവിദ്യാർത്ഥിയായ ഡോ. ഹൈമ ഏകമകളും, പാലായിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന എം.ബി.എ. ബിരുദധാരിയും ബിസിനസ്സുകാരനുമായ ബി. മധു ഏകസഹോദരനുമാണ്. ■



മേയ് 31 ന് ഡി.ജി.പി. പദവിയിൽനിന്നു വിരമിച്ച ഡോ. ബി. സന്ധ്യ ഐ.പി.എസ്. എന്നും പാലായ്ക്കു സ്വന്തം

---

ശ്രേഷ്ഠമലയാളം

# പലായനവും പാലായനവും

ഡേവിസ് സേവ്യർ




**തെ**റ്റും ശരിയും പരിചയപ്പെടുത്തുന്ന പുസ്തകങ്ങളിൽ പലായനം ശരി പാലായനം തെറ്റ് എന്നു രേഖപ്പെടുത്തിക്കാണാറുണ്ട്. പലായനവും പാലായനവും ഭിന്നാർഥത്തിൽ ശുദ്ധരൂപങ്ങളാണ്. പല + അയനം = പലായനം. (അ + അ = ആ) തിരിഞ്ഞോട്ടം എന്നർഥം. ആപത്തിൽനിന്നു രക്ഷപ്പെടാനുള്ള ഓട്ടമാണത്. 'പലായനമെങ്കിൽ പലായനം' എന്ന ശൈലിയും ആ വിവക്ഷിതം ഉൾക്കൊള്ളുന്നു. ഭാവനാസ്പദമായ ജീവിതഭംഗികൾ മാത്രം ആവിഷ്കരിക്കുന്ന സാഹിത്യരീതിക്ക് പലായനവാദം എന്നു പറയാറുണ്ടല്ലോ!


പാല (പാലാ) എന്ന സ്ഥലനാമത്തോട് അയനം (സഞ്ചാരം) ചേർത്താലത് പാലായനമാകും. പാല+അയനം എന്നോ പാലാ + അയനം എന്നോ പാലായന ശബ്ദത്തെ പിരിച്ചും ചേർത്തും എഴുതാം* അപ്പോൾ പാലായനത്തിന് പാലയിലേക്ക് യാത്ര എന്ന അർഥം വന്നുചേരുന്നു. പാലായിലേക്കുള്ള ഓടിപ്പോകലാണത്. അതുപക്ഷേ, രക്ഷപ്പെടാനുള്ള പിൻതിരിഞ്ഞോട്ടമല്ല. നേരേമറിച്ച്, പാലാ ലക്ഷ്യമാക്കിയുള്ള സഞ്ചാരമാണ്. പോകുന്നത് പാലായ്ക്കാണെങ്കിൽ പാലായനം എന്നുതന്നെ പറയാം. അതായത്, പലായനവും പാലായനവും ഉദ്ദിഷ്ടത്തിന് വിപരീതമായ അർഥത്തെ പ്രദാനം ചെയ്യുന്നു. ശത്രുക്കളെ ഭയന്നുള്ള രക്ഷപ്പെടലിന് പലായനം എന്നും കോട്ടയം ജില്ലയിലെ ചെറുപട്ടണമായ പാലായിലേക്കുള്ള യാത്രയ്ക്ക് പാലായനമെന്നും വ്യവഹരിച്ചാൽ മൊഴിയും പൊരുളും ശുദ്ധമാകും. "അർഥം മനസ്സിലാക്കാതെ പദംകൊണ്ട് കളിക്കുന്നതുകൊണ്ടാണ് ഇത്തരം പ്രമാദം പറ്റുന്നത്. പ്രമാദത്തിന് തെറ്റ് എന്നാണർഥം. എഴുതുന്ന ആളിന്റെ പ്രമാദം വായനക്കാരെയും പ്രമാദത്തിലേക്കു നയിച്ചേക്കും. പ്രമാദത്തിന്റെ ശരിയായ അർഥം ധരിച്ചവർ 'പ്രമാദമായ കേസ്' എന്നു കേട്ടാൽ കള്ളക്കേസെന്നു ധരിച്ചുപോകുമല്ലോ.*

1. കൃഷ്ണൻനായർ കുളത്തൂർ, പ്രൊഫ., തെറ്ററുത് മലയാളം, മനോരമ ബുക്സ്, കോട്ടയം, 2023, പുറം – 122.

2. വാസുദേവഭട്ടതിരി, സി.വി. നല്ല മലയാളം, ഇംപ്രിന്റ്, കൊല്ലം, 1992, പുറം – 150.

# കഥ–തിരക്കഥ–സംഭാഷണം: നിർമിതബുദ്ധി





റ്റോം ജോസ് തഴുവംകുന്ന്

**ദൈ**വം തന്ന ബുദ്ധികൊണ്ടു ബുദ്ധിയെ നിർമിക്കുന്ന തിരക്കിലാണ് ഇന്നു മനുഷ്യർ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പഠനശാഖയും ശാസ്ത്രശാഖയുമാണ് മനുഷ്യന്റെ ഇന്നത്തെ ഗവേഷണവിഷയം.

മനുഷ്യർ മടിയന്മാരോ അലസന്മാരോ ആയി മാറിയേക്കാവുന്ന കാലമാണിനി വരാൻ പോകുന്നത്. ആർക്കും ആരുമാകാമെന്നതിലേക്ക് നിർമിതബുദ്ധി മനുഷ്യരെ 'ആകർഷിക്കുന്നു'. സാഹിത്യരംഗത്തും കലാരംഗത്തും സിനിമാരംഗത്തും വിദ്യാഭ്യാസമേഖലയിലും ആരോഗ്യപരിപാലനരംഗത്തും എന്നുവേണ്ട, സമസ്തമേഖലകളിലും മനുഷ്യന്റെ സർഗാത്മകതയെ തകിടംമറിക്കുന്ന ആപ്പുകൾ ഇറങ്ങിക്കഴിഞ്ഞു. സെൽഫോണിനുമുമ്പിൽ ജീവിതം ഹോമിക്കുന്ന ആധുനികതലമുറ ഒന്നുകൂടി സ്വന്തം കൈയിലെ കുഞ്ഞൻസ്ക്രീനിലേക്ക് ആകൃഷ്ടരാകും!

കാലമേറെ നവീനമാകുമ്പോൾ ടെക്നോളജി മനുഷ്യന്റെ ബയോഡേറ്റയെ ഇല്ലാതാക്കുന്നു. കണ്ണാടിയിൽ നോക്കി 'ഞാനാരാണ്' എന്ന് ആശങ്കയോടെ ചോദിക്കുന്ന കാലം വിദൂരമല്ല. കോടാനുകോടി മനുഷ്യരുണ്ടെങ്കിലും ഓരോരുത്തർക്കും സ്വന്തമായ വ്യക്തിത്വമുണ്ട്. വിവിധങ്ങളായ കഴിവുകൾകൊണ്ട് ഓരോരുത്തരും വ്യത്യസ്തരാണ്. ജന്മവാസനകൾകൊണ്ട് ആരെയും അദ്ഭുതപ്പെടുത്തുന്ന മനുഷ്യർക്ക് നിർമിതബുദ്ധി 'ഭീഷണി'യാകുകയാണോ?

എന്തിനും മറുപടിയേകുന്ന ഗൂഗിൾ, മനുഷ്യന്റെ ചിന്താശേഷിയും കർമശേഷിയുമൊക്കെ കുറയ്ക്കുകയാണ്. ഇന്നത്തെ തലമുറയ്ക്ക് സെൽഫോണിനെ ആശ്രയിക്കാതെ എന്തെങ്കിലും ഉത്തരം പറയാനാകുമോ? സ്വന്തം വീട്ടിലെ ടെലിഫോൺ നമ്പർ കാണാതെ അറിയുന്നവരിന്നുണ്ടോ? മനുഷ്യതലച്ചോറിന് വിവരശേഖരപരിമിതിയില്ല; ഓർമകളുടെ സൂക്ഷിപ്പുകേന്ദ്രത്തിന് അദ്ഭുതാവഹമായ പ്രകടനമാണ് കാഴ്ചവയ്ക്കാനാകുക! എന്നാൽ, അളവില്ലാത്ത അറിവുശേഖരകേന്ദ്രത്തിന് അഥവാ ഓർമശേഖരകേന്ദ്രത്തിന് സാവധാനം മരവിപ്പു കടന്നുവരികയാണിന്ന്. ബുദ്ധിയെല്ലാം യന്ത്രത്തിനെ ഏല്പിച്ച് 'വിശ്രമിക്കുന്ന' ആധുനികമനുഷ്യരെയാണ് ഇനി കാണാനാകുകയെന്നു തോന്നുന്നു.

കഥയും കവിതയും സംഗീതവും തിരക്കഥയും തയ്യാറാക്കുന്ന നിർമിതബുദ്ധി; കണക്കുസാറിനെ കൺഫ്യൂഷനിലാക്കുംവിധം ഹോംവർക്കു ചെയ്തു പഠനമുറിയിലെത്തുന്ന വിദ്യാർഥികൾ. അധ്യാപകരില്ലാതെ പഠിക്കാമെന്ന് ആധുനികമക്കൾ 'പഠിക്കുന്ന കാലം!' രോഗലക്ഷണങ്ങൾ പറഞ്ഞുകൊടുക്കുമ്പോൾ രോഗനിർണയം നടത്തുന്ന ആപ്പുകൾ! സകലരംഗവും നിർമിതബുദ്ധി കീഴടക്കുമ്പോൾ Chat - GPT (Chat Generative Pretrained Transformer)യും Bard (online translation) ഉം മനുഷ്യനെ 'ബുദ്ധിമുട്ടിക്കാതെ' സർഗവാസനകളെക്കൂടി കൈയിലെടുത്തിരിക്കുന്നു. നിമിഷനേരംകൊണ്ട് കവിതയും കഥയും തിരക്കഥയുമൊക്കെ എഴുതുന്ന പുതിയ ഗൂഗിൾ പ്രതിഭാസങ്ങൾ നമ്മെ അദ്ഭുതപ്പെടുത്തുന്നുവെങ്കിലും മനുഷ്യരിലെ 'പ്രതിഭാസങ്ങൾ' നിഷ്പ്രഭമാകുന്ന കാലമാണു കടന്നുവരുന്നത് എന്നറിയുക.

നിർമിതബുദ്ധിയിലേക്കു ഫീഡു ചെയ്യപ്പെട്ട ലക്ഷക്കണക്കായുള്ള രോഗലക്ഷണങ്ങളുമായി പുതിയ രോഗിയുടെ ലക്ഷണങ്ങളും പരിശോധനാഫലങ്ങളും കംപ്യൂട്ടർ തട്ടിച്ചുനോക്കി രോഗനിർണയം നടത്തുമ്പോൾ രോഗവും രോഗിയും ശരിയായ ദിശയിലാകുമോ? ഒരു ഡോക്ടർ അവസരോചിതമായി ഉപയോഗിക്കുന്ന പ്രായോഗികബുദ്ധിയും മുൻപരിചയവും ഒപ്പം മനുഷ്യത്വവും ചേർത്തുള്ള പരിശോധനയോളം വരുമോ നിർമിതബുദ്ധിയുടെ രോഗനിർണയം? ഇത്രമാത്രം ദ്രുതവേഗത്തിൽ ചികിത്സ നടത്തുമ്പോഴും ആധുനികചികിത്സാരംഗവും രോഗനിർണയരീതിയും തൃപ്തികരമാകുന്നുണ്ടോ? കർമരംഗത്തെ ആത്മാർഥതയ്ക്കപ്പുറം എല്ലാത്തിലും ബിസിനസ് കണ്ടെത്തുന്നതാണ് എവിടെയും കാണുക! ആർക്കുവേണ്ടിയും കൈയടിക്കാൻ നില്ക്കാതെ സമ്മാനം എല്ലാവർക്കുമുണ്ടെന്നു പറയുന്ന ആധുനികത, സമൂഹത്തിന്റെ സൗന്ദര്യത്തെ ഇല്ലാതാക്കും. ജനിതകമായതിനെയെല്ലാം നിർമിതബുദ്ധി ഇല്ലാതാക്കുമ്പോഴുണ്ടാകുന്ന ശൂന്യതാബോധം നാളെയുടെ മക്കളിൽ കഴിവുകളുടെ ശോഷണത്തിനിടയാക്കും? യന്ത്രവും മനുഷ്യനും ഒരേ മത്സരത്തിൽ പങ്കെടുക്കുകയാണെങ്കിൽ സർഗാത്മകത തകരില്ലേ?

ഭാഷകൊണ്ടും പഠനനിരീക്ഷണംകൊണ്ടും ജനിതകവാസനയെ ജീവിതഗന്ധിയായ വ്യക്തിത്വരൂപീകരണത്തിനായി പണിതൊരുക്കിയ പ്രതിഭകളുടെ അധ്വാനത്തെ ചെറുതാക്കി കാണുന്ന ഇത്തരം നൈമിഷികശാസ്ത്രത്തെ കണ്ണുമടച്ചു സ്വീകരിക്കണമോ? ചാറ്റ് ജിപിറ്റിയും ബാർഡുമൊക്കെ കടന്നുവരുന്നതോടെ പലതിലും 'ഒറിജിനലും ഡ്യൂപ്ലിക്കേറ്റും' തിരിച്ചറിയാൻ പാടുപെടും! കംപ്യൂട്ടറിനു കാലികമായി ചിന്തിക്കാനാകില്ലെന്നറിയുമ്പോഴും കവിതകളും കഥകളും ആവർത്തനമാകാമെന്ന് തിരിച്ചറിയുമ്പോഴും രചനകൾ രചനകളല്ലാതാകുന്നില്ലല്ലോ?

അധ്യാപകരില്ലാത്ത വിദ്യാഭ്യാസം വെറും അറിവുശേഖരം മാത്രമാകില്ലേ? മനുഷ്യരെ മനുഷ്യരാക്കി മാറ്റുന്ന രൂപീകരണപ്രക്രിയയാണ് അധ്യാപകരിലൂടെ നടക്കുന്നത്. ധാർമികതയും സന്മാർഗികതയും സത്യധർമാദികളുടെ നിലനില്പുമൊക്കെ ഗുരുമുഖത്തുനിന്നു ലഭിക്കുമ്പോഴുള്ള അനുഭവം നമ്മുടെ ആധുനിക ആപ്പുകൾക്കുണ്ടാകുമോ? ജീവിതത്തിന്റെ സമസ്താവശ്യങ്ങളും 'ആപ്പു'വഴി നടത്തിക്കൊടുക്കുന്ന 'ന്യൂജെൻ' മനുഷ്യർക്ക് സംസർഗവും സംഭാഷണവും സൗഹൃദവുമൊക്കെ നഷ്ടമായിക്കഴിഞ്ഞു. മനുഷ്യരെപ്പോലും 'യന്ത്ര'മായിക്കാണുന്ന ആധുനികതലമുറയ്ക്ക് 'സ്കിൽ' എന്നതു പൂർണമായും നഷ്ടമായി. എഴുതാനും വായിക്കാനും മടിയുള്ളവരായി മാറിക്കഴിഞ്ഞു,അവർ. സമ്പാദിക്കാനുള്ള വഴി അറിഞ്ഞിരിക്കുന്നതാണ് അറിവ് എന്നാണു പുതിയ ചിന്ത.

മനുഷ്യരുടെ ജനിതകമായ വൈഭവങ്ങളെ വളർത്തുന്നതിലാണ് വിജയമടങ്ങുന്നത്. ഓരോരുത്തർക്കും ദൈവമേല്പിച്ച 'വേഷം' ഉണ്ടെന്നറിയണം. എല്ലാവരും ഒരേ വേഷത്തിലായാൽ ജീവിതം പ്രഹസനമാകും. നിർമിതബുദ്ധിയുടെ നിർമാണമേറ്റെടുത്തിരിക്കുന്ന 'അതിബുദ്ധി'ക്കാർ തങ്ങളുടെ കർമരംഗംകൊണ്ട് സജീവമായി ജീവിതം മുന്നോട്ടു നയിച്ചേക്കാം. പരീക്ഷയിൽ ഉന്നതമാർക്കു നേടുന്നതും പരീക്ഷായോഗ്യതയിൽ മുൻനിരയിലാകുന്നതും മാത്രമാണു വിജയമെന്ന് ആരാണു നമ്മോടു പറഞ്ഞത്? മുട്ടിലിഴയുന്ന കുഞ്ഞുങ്ങൾ പോലും 'സെൽഫോണിന്റെ പരീക്ഷ' നിഷ്പ്രയാസം വിജയിക്കുന്നു, അവർക്കറിയാത്തതതായി സെൽഫോണിൽ ഒന്നുമില്ലായെന്നാണ് ചുറ്റുമുള്ളവർ അഭിമാനപൂർവം പറയുക! അപ്പോഴും പഴയതലമുറയുടെ വിവരവും വിവേകവും അറിവും നെറിവും നന്മയും പരിസരബോധവും സൗഹൃദവും സമ്പർക്കവും ഒരുമയുമൊക്കെ ഇന്നുണ്ടോയെന്നു പരിശോധിക്കണം. ലോകജാലകം വിരൽത്തുമ്പിലാണെങ്കിലും അടുത്തിരിക്കുന്നവരിലേക്കുള്ള കണ്ണുതുറക്കൽ തീരെയില്ല.

ചൊവ്വാഗ്രഹത്തിലെ ജലസാന്നിധ്യം തിരിച്ചറിയുമ്പോഴും നമ്മുടെ വീടുകളിൽ ഒരിറ്റു വെള്ളത്തിനായി തൊണ്ട വളരുന്നവരിന്നുമില്ലേ? സൊമാലിയൻപട്ടിണിയെക്കുറിച്ചു വാതോരാതെ പറയുമ്പോഴും നമ്മുടെയിടയിൽ പട്ടിണികിടന്നു മരിക്കുന്നവരിന്നുമില്ലേ? സാക്ഷരത സമ്പൂർണമാകുമ്പോഴും, ലോകഭാഷകളിൽ അഗാധപാണ്ഡിത്യം കരസ്ഥമാക്കുമ്പോഴും കുടുംബങ്ങളിൽ പരസ്പരം 'ഭാഷ മനസ്സിലാകാതെ' വിവാഹമോചനത്തിനു പടവെട്ടുന്നവരേറുകയല്ലേ? ബന്ധങ്ങളുടെ വിലയറിയാതെ എന്തിനും വിലയിട്ടുവാങ്ങുന്ന ആധുനികആപ്പുകൾ മനുഷ്യത്വത്തെയും വ്യക്തിത്വത്തെയും ഇല്ലാതാക്കുന്നു. നിർമിതബുദ്ധി 'ഒരേ ബുദ്ധി' പ്രകടിപ്പിക്കുമ്പോൾ മനുഷ്യരുടെ ബുദ്ധിയുടെ അളവും വിവരശേഖരപരിധിയും നിശ്ചയിക്കാനാകാത്തതാണെന്നതു തർക്കമറ്റതല്ലേ? നിശ്ചയിച്ചുറപ്പിച്ചു നല്കിയ ഡേറ്റാബാങ്കിൽനിന്നു പുറത്തെടുക്കുന്ന ഉത്തരങ്ങളും പഠനങ്ങളുമല്ലേ നിർമിതബുദ്ധിയിൽനിന്നു നമുക്കു കിട്ടുക?!



ടെക്നോളജി എത്രമാത്രം പുരോഗമിച്ചാലും മനുഷ്യനെന്ന ദൈവത്തിന്റെ മഹാടെക്നോളജിയെ മറികടക്കാനാകുമെന്ന ചിന്ത വ്യർഥമാണ്. സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമെന്ന പ്രാർഥന അർഥപൂർണമാകണമെങ്കിൽ മനുഷ്യന്റെ മനുഷ്യത്വം തകരാതെ കാക്കണം. മറ്റുള്ളവരെ സഹാനുഭൂതിയോടെയും ബഹുമാനത്തോടെയും കാണാൻ കഴിയണം. സഹജവാസനകൾ അർഥപൂർണവും പ്രോത്സാഹജനകവുമാകണം. ആരെയും ചെറുതായിക്കാണുന്നതിനു പകരം എല്ലാവരും നമ്മെക്കാൾ വലിയവരാണെന്ന ദൈവികത സ്വന്തമാക്കണം. മനുഷ്യരുടെ സ്വത്വബോധം തകരാറിലാക്കുന്ന ടെക്നോളജിയെ പിൻതുടരരുത്. എത്ര അറിവുണ്ടെങ്കിലും നമ്മിലെ ഈശ്വരാധീനത കൈവെടിയരുത്; സകലതും ദൈവദാനമാണെന്ന പ്രാഥമികവിശ്വാസവും തകർക്കരുത്. ബന്ധങ്ങൾ വളരണം; സൗഹൃദങ്ങൾ പുനഃസ്ഥാപിക്കപ്പെടണം, മുഖാമുഖമുള്ള സംവേദനങ്ങൾ ശക്തമാകണം; ബന്ധങ്ങൾ ബലപ്പെടുവാനും മനുഷ്യർ മനുഷ്യരായി വളരാനും സഹായിക്കുന്നതുമാത്രമാകണം ടെക്നോളജി.

ഡിജിറ്റലൈസേഷൻ വഴി മനുഷ്യരിലെ മനുഷ്യനെ കൂടുതൽ നന്മയുടെ പ്രവർത്തനങ്ങളിലേക്കെത്തിക്കുന്നെങ്കിൽ മാത്രമേ നമുക്ക് മനുഷ്യരായിത്തന്നെ ജീവിതം മുന്നോട്ടു നയിക്കാൻ കഴിയൂ. സകലതും യന്ത്രത്തിനെ ഏല്പിച്ച് ഉത്തരങ്ങൾക്കായി കാത്തിരിക്കുന്ന 'മടിയൻ മനുഷ്യരെ' ദൈവത്തിനും ഇഷ്ടമാകുമോ?

■

കഥ



വത്സാ ജോസ് കാപ്പിൽ

# സൂക്ഷം

"ഡല്ലാ നീ എവിടാ?"

ഗോൾഡൻ വില്ലയുടെ തുറന്നുകിടന്ന മുൻവാതിലിലൂടെ അകത്തു പ്രവേശിച്ച ബീന പരിസരം മുഴുവൻ ഒന്നു നിരീക്ഷിച്ചശേഷം ഉറക്കെ വിളിച്ചു ചോദിച്ചു.

"ഞാൻ ഇവിടെയൊണ്ടു ചേച്ചീ."

ഉടൻ ഡല്ലയുടെ മറുപടിയെത്തി.

"നീ അവിടെ എന്തെടുക്കുവാ? ഞാൻ ഇവിടെ വന്നപ്പൊമുതൽ ഒരു കലം വെള്ളം അടുപ്പിലിരുന്നു തിളയ്ക്കുന്നു. നിനക്ക് അരിയിട്ടിട്ടു വേറേ പണിക്കു പൊയ്ക്കൂടായിരുന്നോ? അരി അവിടെ കിടന്നു വേകുമായിരുന്നില്ലേ?"

"അയ്യോ ചേച്ചീ, അതു കാപ്പിയുണ്ടാക്കാൻ വച്ചിരിക്കുന്ന വെള്ളമാ.'

ഡല്ലയുടെ മറുപടികേട്ട് ബീനാ വാ പൊളിച്ചുപോയി.

"നിനക്കും കെട്ടിയോനും രണ്ടു മക്കൾക്കും കൂടി കാപ്പിയുണ്ടാക്കാൻ ഒരു കലം നിറയെ വെള്ളമോ?"

"അതു ചേച്ചീ, രണ്ടുമൂന്നുപേര് ഓർക്കാപ്പുറത്തു വന്നുകേറിയാൽ അവർക്കും ഓരോ ഗ്ലാസ് കാപ്പി കൊടുക്കണ്ടേ?"

"അതിഥിസൽക്കാരം നല്ലതുതന്നെയാ. പക്ഷേ, വരാത്ത അതിഥികൾക്കുവേണ്ടി മുൻകൂർ കാപ്പി ഉണ്ടാക്കിവയ്ക്കുന്നവരെ ഞാൻ ഇപ്പഴാ കാണുന്നെ. ഏതെങ്കിലും പിരിവുകാർ അഞ്ചാറുപേർ ഒന്നിച്ചിങ്ങു വന്നാലോ? ഈ കാപ്പി തികയത്തില്ലല്ലോ."

"ഓ, ഈ ചേച്ചിയെക്കൊണ്ടു ഞാൻ തോറ്റു."

ഡല്ല തോൽവി സമ്മതിച്ചു.

"വെള്ളം തിളച്ചുമറിയുന്നു. നീ എന്താ കാപ്പിപ്പൊടി ഇടാത്തെ?"

"അതു ചേച്ചീ ഞാൻ കാപ്പിപ്പൊടി തപ്പുവാ. ഇന്നലെവരെ അമ്മയല്ലേ കാപ്പി അനത്തിക്കൊണ്ടിരുന്നത്. ഇന്നലെ വൈകിട്ട് അമ്മ ബിന്ദുച്ചേച്ചീടെ അടുത്തു പോയി. കാപ്പിപ്പൊടി എവിടാ വച്ചേക്കുന്നതെന്ന് എനിക്കറിയാൻമേല. ഞാൻ അതു തപ്പുവാരുന്നു."

"കൊള്ളാം. നാലു പേർക്കു കാപ്പി ഉണ്ടാക്കിയപ്പൊത്തന്നെ നീ എന്തുമാത്രം ഗ്യാസ് നഷ്ടപ്പെടുത്തി. രണ്ടു ഗ്ലാസ് പാലിൽ രണ്ടു ഗ്ലാസ് വെള്ളം ചേർത്ത് ഒരു ചെറിയ പാത്രത്തിൽ കാപ്പി അനത്തിയാൽ പോരേ? അതിനുപകരം ഏഴെട്ടുഗ്ലാസ് വെള്ളം തിളപ്പിച്ചു. ഇനി പാൽ വേറേ തിളപ്പിക്കണം. അങ്ങനതന്നെ എത്ര ഗ്യാസ് ചെലവാക്കി. പത്തു മിനിറ്റുമുമ്പേ തിളച്ച വെള്ളം പത്തുമിനിറ്റുകൂടി വെറുതെ തിളപ്പിച്ചു. അവിടേം എത്ര ഗ്യാസ് നഷ്ടമായി. 1150 രൂപാ മുടക്കി വാങ്ങുന്ന ഗ്യാസ് ഇങ്ങനെ വെറുതെ കത്തിച്ചുകളയണോ? ഒരു മാസം ഉപയോഗിക്കാവുന്ന ഗ്യാസ് നീ പന്ത്രണ്ടു പതിമ്മൂന്നു ദിവസം കൊണ്ടു തീർക്കുമല്ലോ."

"ചേച്ചി എങ്ങനാ കാപ്പി ഉണ്ടാക്കുന്നെ? ഒന്നു പറഞ്ഞേ."

ഞാൻ എനിക്കും ചേട്ടനും മൂന്നുമക്കൾക്കുംവേണ്ടി രണ്ടര ഗ്ലാസ് പാലിൽ രണ്ടര ഗ്ലാസ് വെള്ളംചേർത്ത് അടുപ്പിൽ വയ്ക്കും. കാപ്പിപ്പൊടിയും



പഞ്ചസാരയും കാപ്പി പകരാനുള്ള ചരുവവും അഞ്ചു ഗ്ലാസും രണ്ടു സ്പൂണും അടുത്തുകൊണ്ടുവന്നു വയ്ക്കും."

"അതെന്തിനാ രണ്ടു സ്പൂൺ."

"കാപ്പിപ്പൊടിയും പഞ്ചസാരയും മറ്റും സ്പൂണില്ലാതെ എങ്ങനാ എടുക്കുന്നത്, ആ രണ്ടു സ്പൂണും അടുപ്പിനടുത്ത് എടുത്തുവയ്ക്കും. എന്നിട്ടേ സ്റ്റൗ കത്തിക്കൂ. വെള്ളം തിളയ്ക്കാൻ തുടങ്ങുമ്പഴേ സ്റ്റൗ ഓഫാക്കും. ഓഫാക്കിയാലും സ്റ്റൗവിലെ ചൂടു കുറച്ചുനേരം കൂടി നില്ക്കും. ആ ചൂടിൽ കാപ്പി തിളച്ചുകൊള്ളും. അപ്പോൾ കാപ്പിപ്പൊടിയും പഞ്ചസാരയും അളന്നു ചേർക്കും. പിന്നെ കാപ്പി ചരുവത്തിൽ പകർന്നു ഗ്ലാസിൽ ഒഴിക്കും."

"ചരുവം എന്തിനാ, നേരിട്ടു ഗ്ലാസിൽ ഒഴിച്ചാൽ പോരെ?"

"കൂടിയ ചൂടാണെങ്കിൽ ചിലപ്പോൾ ഗ്ലാസ് പൊട്ടിപ്പോകാൻ സാധ്യതയുണ്ട്."

"ഇനി മുതൽ ചേച്ചിയെപ്പോലെ ഞാനും സൂക്ഷിച്ചേ എല്ലാം കൈകാര്യം ചെയ്യത്തൊള്ളൂ. കാപ്പിപ്പൊടി കിട്ടി ചേച്ചീ. വാ നമുക്ക് ഓരോ ഗ്ലാസ് കാപ്പി ഉണ്ടാക്കിക്കുടിക്കാം."

ഡെല്ല ബീനയെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. അപ്പോഴാണു ബീന അതു ശ്രദ്ധിച്ചത്. ഒരു വലിയ പ്ലാസ്റ്റിക് പാത്രം നിറയെ തേങ്ങാ ചിരണ്ടിവച്ചിരിക്കുന്നു.

"ഇത്രയും പീര എന്തിനാടീ, നീയെന്നാ ഇവിടെ സദ്യ ഒരുക്കാൻ പോകുവാണോ?"

"അല്ല ചേച്ചീ, നാളെ പണിക്കാരത്തി വരത്തില്ല. അതുകൊണ്ടു രണ്ടുമൂന്നു തേങ്ങാ ചെരണ്ടിച്ചു വച്ചതാ. ഫ്രിഡ്ജിൽ സൂക്ഷിച്ചാൽ രണ്ടുമൂന്നു ദിവസം ഉപയോഗിക്കാമല്ലോ."

"ഈ ചെരട്ടയ്ക്കകത്ത് ഒത്തിരി തേങ്ങാ ഇരിപ്പുണ്ടല്ലോ. അതെന്താ ചെരണ്ടിയെടുക്കാത്തെ?"

"അതു ചെരണ്ടിയാൽ പോരത്തില്ല ചേച്ചീ."

"അതു ചെരണ്ടിയെടുക്കാൻ ഞാൻ ഒരു വിദ്യ പഠിപ്പിക്കാം."

പ്ലെയിറ്റ് സ്റ്റാൻഡിൽ തൂക്കിയിട്ടിരുന്ന ഒരു സ്പൂൺ കൈയിലെടുത്തുകൊണ്ടു ബീന പറഞ്ഞു.

ബീന സ്പൂൺ ഉപയോഗിച്ച് ഓരോ ചിരട്ടയിലും ശേഷിച്ച പീര സാവധാനം ചിരണ്ടിയെടുത്തു.

"കൊള്ളാലോ ചേച്ചീ. ഈ പാത്രത്തിലെ പീര മുഴുവൻ ഞാൻ ഫ്രിഡ്ജിൽ വയ്ക്കാൻ പോകുവാ. ഇപ്പം കിട്ടിയ പീര മതി ഞങ്ങൾക്കു രണ്ടു കറിക്ക്."

വർത്തമാനത്തിനിടെ ഡെല്ല പാത്രത്തിലിരുന്ന പീര മുഴുവൻ ഒരു ഡബ്ബയിലാക്കി ഫ്രിഡ്ജിൽ വച്ചു.

"എന്റെ അമ്മച്ചീടെ അപ്പൻ അതായത്, സാക്ഷാൽ പത്തിൽ ഔതച്ചൻ കുട്ടനാട്ടിലെ ഒരു ജന്മിയായിരുന്നു. നെല്ലു കൊയ്തുമെതിച്ചു കളങ്ങളിൽ കുന്നുപോലെ കൂട്ടിയിട്ടിരിക്കും. വീട്ടിൽ നെല്ലു പുഴുങ്ങി ഉണങ്ങുമ്പോൾ തെറിച്ചുപോകുന്ന ഓരോ നെന്മണിയും അപ്പൻ പണിക്കാരെക്കൊണ്ടു പെറുക്കിയെടുപ്പിക്കും. 'ഇവിടെ ഇഷ്ടംപോലെ കോഴിയും താറാവുമൊക്കെ ഒണ്ടല്ലോ. അതുവന്നു കൊത്തിത്തിന്നോളുമല്ലോ. എന്തിനാ ഈ നെല്ലെല്ലാം കഷ്ടപ്പെട്ടു പെറുക്കിയെടുക്കുന്നത്?' എന്ന് അമ്മച്ചി ചോദിച്ചാൽ ഉടൻ ഉത്തരം വരും: "എടീ അന്നമ്മേ 'നേട്ടത്തിൽ പാതി സൂക്ഷം'' എന്നു നീ കേട്ടിട്ടില്ലേ? ഇന്നു തല്ലിത്തൂളിപ്പറിച്ചാൽ ഈ പണിക്കാരും നമ്മുടെ പിള്ളേരും നാളെ ഇതിന്റെ ഇരട്ടി തള്ളിക്കളയും, പിന്നെ അതിന്റെ നാലിരട്ടിയാകും. അവരു സൂക്ഷിച്ചു പഠിക്കട്ടെ. കോഴിക്കും താറാവിനും തിന്നാൻ ആവശ്യത്തിന് അവർ പത്താഴത്തിൽനിന്നും പാത്രത്തിൽ എടുത്തുകൊടുക്കട്ടെ."

"ബീനച്ചേച്ചീ, ഞാൻ അതിരമ്പുഴ ബോർഡങ്ങിൽ നിന്നിരുന്നകാലത്ത് അമലഗിരി കോളജ് പ്രിൻസിപ്പൽ ആയിരുന്ന എന്റെ ആന്റി സി. ലിസ്ബത്ത് ഉച്ചയൂണിന്റെ നേരത്ത് ഡൈനിങ്ങ് റൂമിലൂടെ ചുറ്റിനടന്ന് ഒരു നോട്ടമുണ്ട്. ചോറുണ്ണുമ്പോൾ ആരുടെയെങ്കിലും പ്ലെയിറ്റിൽനിന്ന് ഒരു തരി ചേറ് മേശേൽ വീണാൽ അതെടുത്തു പാത്രത്തിൽ ഇട്ടുതരും. നമ്മൾ അതും ഉണ്ണണം. അങ്ങനെ ഞങ്ങൾ ഒറ്റത്തരി ചോറുപോലും പുറത്തുകളയാതെ ഉണ്ണാൻ പഠിച്ചു."

"നിനക്കു കേക്കണോ, വീട്ടിൽ പണിക്കു വരുന്ന തങ്ക ഉള്ളിയും സബോളയും ക്ലീൻ ആക്കുമ്പോൾ പൊളിക്കാൻ എളുപ്പത്തിനുവേണ്ടി രണ്ടറ്റത്തുനിന്നും കുറേഭാഗം, അതായത്, മൂന്നിലൊരു ഭാഗം അങ്ങു വെട്ടിക്കളയും. ഒരു കറിക്കുള്ള ഭാഗം മൂന്നു സബോളയുടെ വെയിസ്റ്റിൽ കാണും. മാങ്ങ ചെത്തുമ്പഴോ, തൊലിയുടെ കൂടെ കുറേ മാംസളഭാഗവും വെട്ടിക്കളയും; ഉച്ചയ്ക്കു ഞങ്ങൾക്ക് ഒരു ചമ്മന്തി ഉണ്ടാക്കാനുള്ള മാങ്ങാ ആ തൊലിയിൽ കാണും. കിലോയ്ക്ക് 40, 50 രൂപാ വില കൊടുത്തു വാങ്ങിക്കുന്ന സാധനങ്ങളാ. ഞാൻ പറഞ്ഞു കൊടുത്തു പറഞ്ഞുകൊടുത്ത് ഇപ്പം ശരിയാക്കിയെടുത്തു."

"ചേച്ചിക്ക് എല്ലാത്തിനും എന്തൊരു സൂക്ഷമാ."

"എത്ര പണമുണ്ടെങ്കിലും സൂക്ഷിക്കാൻ അറിയാത്തവന്റെ കൈയിൽ ഒന്നും മിച്ചം കാണില്ല. ആ കുടുംബത്ത് ഐശ്വര്യവും ഉണ്ടാകത്തില്ല. അതൊക്കെ നമ്മൾ വീട്ടമ്മമാർ വേണം ശ്രദ്ധിക്കാൻ. നിനക്കറിയാവോ ഞാൻ ഇന്നും വിറകുകത്തിച്ചാ കഞ്ഞിവയ്ക്കുന്നത്."

"അതിനു ചേച്ചീടെ വീട്ടിൽ വിറകടുപ്പില്ലല്ലോ. പിന്നെങ്ങനാ."

"വീട്ടിലെ തേങ്ങാക്കൂടിന്റെ അരികിലെ ചായ്പ് നീ കണ്ടിട്ടില്ലേ? അവിടെ മൂന്നു കല്ലുവച്ചു ഞാൻ ഒരടുപ്പുണ്ടാക്കി. അതിലാ ഞാൻ കഞ്ഞിവയ്ക്കുന്നത്. പറമ്പുനിറയെ ഓലമടലും ചുള്ളിക്കമ്പും വിറകും. അതു കത്തിക്കാനെടുത്താൽ പറമ്പു വൃത്തിയാവുകയും ചെയ്യും. എന്റെ പച്ചക്കറിത്തോട്ടത്തിലേക്ക് ആവശ്യത്തിന് ചാരോം കിട്ടും. ഒരു വലിയ അളവിൽ ഗ്യാസും ലാഭിക്കാം."

"ചേച്ചീടെ പച്ചക്കറിത്തോട്ടം കണ്ടാൽ കൊതിവരും. ടുമാറ്റോ, ചീര, വെണ്ട, മുളക്, പാവൽ, പടവലം, കോവൽ, മത്ത, കുമ്പളം എന്തെല്ലാം കൃഷികളാ. ഇഞ്ചി, മഞ്ഞൾ, കച്ചോലം, ചേന, ചേമ്പ്, വാഴ, കപ്പ എന്നിങ്ങനെ മറ്റൊരിനം. കപ്പളം, മുരിങ്ങ, കടപ്ലാവ്, അമ്പഴം, പ്ലാവ്, മാവ് തുടങ്ങി വേറൊരെറ്റം.

"നീയെന്തിനാ കൊതിക്കുന്നെ? ഇതെല്ലാം നിന്റെ പറമ്പിലും കൃഷി ചെയ്യാമല്ലോ. അതിനുള്ള താത്പര്യവും ബുദ്ധിമുട്ടാനുള്ള മനസ്സും ഉണ്ടായാൽ മതി. ഇതൊക്കെ നിന്റെ പറമ്പിലും ഉണ്ടാകും. നമ്മുടെ കാർന്നോന്മാരു നല്ല കർഷകരും അധ്വാനശീലരും വരവറിഞ്ഞു ചെലവു ചെയ്യുന്നവരുമായിരുന്നു. അതുകൊണ്ട് അവരുടെ വീടുകളിൽ എന്നും ഐശ്വര്യവും സമൃദ്ധിയും അഭിവൃദ്ധിയും ആനന്ദവും ഉണ്ടായിരുന്നു. ഇതെല്ലാം വല്യപ്പച്ചനും അമ്മച്ചിയും പറഞ്ഞുതന്നിട്ടുള്ള കാര്യങ്ങളാ, കാണിച്ചുതന്നിട്ടുള്ള മാതൃകകളും."

"ഇനിമുതൽ ഞാനും ചേച്ചിയെപ്പോലെ, ചേച്ചീടെ വല്യപ്പച്ചനും അമ്മച്ചിയും പഠിപ്പിച്ചതുപോലെ എല്ലാം സൂക്ഷിച്ചേ കൈകാര്യം ചെയ്യത്തൊള്ളൂ."

ബീനയുടെ കൈയിൽനിന്നു ഗ്ലാസ് വാങ്ങി കഴുകിവയ്ക്കുന്നതിനിടെ ഡെല്ല പ്രോമിസ് ചെയ്തു.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവേ, ചെവി ചായിച്ച് എനിക്കുത്തരമരുളണമേ! ഞാൻ ദരിദ്രനും നിസ്സഹായനുമാണ്.

സങ്കീർത്തനം 86:1

എഡിറ്റോറിയൽ

# റോഡുകാമറകൾ മിഴിതുറക്കുമ്പോൾ

നമ്മുടെ പൊതുനിരത്തുകളിൽ പുതുതായി സ്ഥാപിതമായിരിക്കുന്ന എ.ഐ. കാമറകൾ കൺതുറന്നു സജീവമായ ആദ്യദിനം രാവിലെയെത്തുന്നത് നടൻ കൊല്ലം സുധിയുടെ വിയോഗവാർത്തയാണ്. കാരണം മറ്റൊന്നുമല്ല, റോഡപകടം. തൃശൂർ കയ്പമംഗലം പനമ്പിക്കുന്നിൽ ജൂൺ അഞ്ചിന് പുലർച്ചെ നാലരയോടെ ദേശീയപാതയിലുണ്ടായ വാഹനാപകടവും അതേത്തുടർന്നുണ്ടായ സുധിയുടെ മരണവും കലാകേരളത്തെ നൊമ്പരപ്പെടുത്തി. സുധിയും സംഘവും സഞ്ചരിച്ച കാർ പിക്കപ്പ് വാനുമായി കൂട്ടിയിടിക്കാനുണ്ടായ കാരണം അമിതവേഗമെന്നാണു പ്രാഥമികാനുമാനം. വിലപ്പെട്ട ജീവനുകൾ റോഡപകടങ്ങളിൽ പൊലിയാതിരിക്കാനുള്ള അതിജാഗ്രതയുടെ ഓർമപ്പെടുത്തലായി എ.ഐ. കാമറകൾ സംസ്ഥാനത്തു മിഴിതുറന്ന ദിനംതന്നെയുള്ള നടൻ സുധിയുടെ മരണം. ഒപ്പം, റോഡുനിയമങ്ങൾ കർക്കശമായി നടപ്പാക്കേണ്ടതിന്റെ പ്രാധാന്യവും.

ഒട്ടേറെ രാഷ്ട്രീയവിവാദങ്ങൾക്കും പ്രതിഷേധങ്ങൾക്കുമിടെ 28,891 ഗതാഗതനിയമലംഘനങ്ങളാണ് എ.ഐ. കാമറകൾ വഴി പ്രവർത്തനത്തിന്റെ ആദ്യദിനംതന്നെ കണ്ടെത്തിയത്. 726 കാമറകളിൽ 692 എണ്ണമാണ് പ്രവർത്തനസജ്ജമായിട്ടുള്ളത്. ഹെൽമറ്റ്, സീറ്റുബൽറ്റ് എന്നിവ ഉപയോഗിക്കാതിരിക്കൽ, സിഗ്നൽലംഘനം, ഡ്രൈവിങ്ങിനിടെയുള്ള ഫോൺ ഉപയോഗം, അമിതവേഗം, ഇരുചക്രവാഹനങ്ങളിൽ രണ്ടിലേറെപ്പേരുടെ യാത്ര, അനധികൃതപാർക്കിങ് എന്നീ നിയമലംഘനങ്ങൾക്കാണ് തുടക്കത്തിൽ പിഴ ചുമത്തുന്നത്. റോഡപകടങ്ങളുടെയെല്ലാം കാരണം ഇതുമാത്രമല്ലെന്നു പറയുമ്പോഴും, ഭൂരിപക്ഷം നിയമലംഘനങ്ങളും തെളിവുസഹിതം കണ്ടെത്തുന്ന സംവിധാനം ഉണർന്നുപ്രവർത്തിക്കുമ്പോൾ വാഹനവുമായി നിരത്തിലിറങ്ങുന്നവരുടെ സമീപനത്തിൽ വലിയൊരു മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ തർക്കമില്ല.

ജൂൺ രണ്ടിന് 2,40,747 നിയമലംഘനങ്ങൾ എ.ഐ. കാമറകൾ റിപ്പോർട്ടു ചെയ്തെന്ന് ഗതാഗതമന്ത്രി ആന്റണി രാജു പറഞ്ഞത് ഞെട്ടലോടും ലജ്ജയോടുംകൂടി മാത്രമേ കേൾക്കാനാവൂ. റോഡുനിയമങ്ങൾ പാലിക്കുന്നതിൽ മലയാളിയുടെ മടിയും മര്യാദയില്ലായ്മയും പുതിയ വാർത്തയൊന്നുമല്ല. വിദ്യാസമ്പന്നനെന്നു വീമ്പിളക്കിപ്പറയുമ്പോഴും, ഗതാഗതനിയമങ്ങൾ പാലിക്കുന്നതിൽ വൈമനസ്യമുള്ള ഒരു സമൂഹമാണ് പണ്ടേ നമ്മൾ മലയാളികൾ. നിയമലംഘകരുടെ നിരുത്തരവാദിത്വംമൂലം എത്രയോ പേരാണ് ജീവിതകാലംമുഴുവൻ തീരാദുരിതവും പേറി കഴിയേണ്ടിവരുന്നത്. അപ്രതീക്ഷിതസമയത്ത് ഉറ്റവരുടെയും ഉടയവരുടെയും ജീവൻ പൊലിയേണ്ടിവന്നതുമൂലം എത്രയോ കുടുംബങ്ങളാണ് സങ്കടക്കണ്ണീരൊഴുക്കി കാലം കഴിക്കുന്നത്!

രാജ്യത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്ന അഞ്ചാമത്തെ സംസ്ഥാനമാണ് കേരളം. ജനസംഖ്യയുടെ 2.76 ശതമാനംമാത്രമാണെങ്കിലും, റോഡപകടങ്ങളുടെ പട്ടികയിൽ 8.1 ശതമാനം കേരളത്തിലാണു നടക്കുന്നതെന്നോർക്കണം. പ്രതിവർഷം 40,000ൽപ്പരം റോഡപകടങ്ങൾ കേരളത്തിൽ നടക്കുന്നുണ്ടത്രേ. 2022 ൽ 43,910 റോഡപകടങ്ങൾ റിപ്പോർട്ടു ചെയ്യപ്പെട്ടതായാണു കണക്ക്.

അമിതവേഗത്തിൽ റോഡിൽ ചീറിപ്പാഞ്ഞു ശീലിച്ചവർക്ക് എ.ഐ. കാമറകൾ ഭീഷണിയാകുന്നതു സ്വാഭാവികം. റോഡിന്റെ ഓരത്തു നില്ക്കുന്ന നിയമപാലകരുടെ മുന്നിൽപ്പെട്ടാൽ നിസ്സാരതുക പിഴയൊടുക്കി ഇത്രയുംകാലം രക്ഷപ്പെട്ടവർ ഇനി കാമറക്കണ്ണുകളിൽ കുടുങ്ങുമെന്നതു തീർച്ചയാണ്. തെളിവുകൾ നിരത്തിപ്പറയുന്നിടത്ത് വിസ്താരത്തിനോ തർക്കത്തിനോ പ്രസക്തിയില്ലാതാകുന്നു. റോഡിലെ അരിക്കൊമ്പന്മാർക്ക് മസ്തകം താഴ്ത്തി വരുതിയിൽ വരാതെ നിർവാഹമില്ലാതായിരിക്കുന്നു. ബസുകളുടെ മരണപ്പാച്ചിലിന് കൂച്ചുവിലങ്ങിടാൻ എ.ഐ. കാമറകൾക്കാവും. പിഴത്തുക ഒന്നിനുപിറകേ ഒന്നായി വാഹന ഉടമയ്ക്കു ലഭിച്ചുതുടങ്ങുന്നതോടെ, നിയമപാലനം വാഹനനിയന്ത്രണത്തിലെന്നല്ല, ജീവിതത്തിന്റെതന്നെയും ഭാഗമാകുമെന്നു ന്യായമായും വിചാരിക്കാം.

എ.ഐ. കാമറകൾ മിഴിതുറക്കുന്നതിനുമുമ്പേ വിവാദങ്ങളുടെ കൊടുങ്കാറ്റു വീശിത്തുടങ്ങിയതാണ്. അതിപ്പോഴും ശമിച്ചിട്ടില്ല, ശമിക്കുമെന്നു തോന്നുന്നുമില്ല. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകടങ്ങൾ കുറയ്ക്കാൻ എ.ഐ. കാമറകളുടെ പ്രവർത്തനം സഹായകമാണെന്ന കാര്യം നിസ്തർക്കമാണ്. പക്ഷേ, അതിന്റെ മറവിൽ അഴിമതിയുടെ ദുർഭൂതം ഭരണം നിയന്ത്രിക്കുന്നുണ്ടെങ്കിൽ അതിനെ ചെറുത്തുതോല്പിക്കാൻ ഭരണപ്രതിപക്ഷഭേദമില്ലാതെ നീതിയുടെ പക്ഷത്തു നിലയുറപ്പിച്ചിരിക്കുന്ന പ്രബുദ്ധജനം ഉണർന്നു പ്രതികരിക്കേണ്ട സമയമാണിത്. കടംകേറി മുടിഞ്ഞ സർക്കാരിന് പിഴയടിച്ചു ഖജനാവ് നിറയ്ക്കാനുള്ള മാർഗമായി കാമറകൾ മാറിയിട്ടുണ്ടെങ്കിൽ അതും ഗൗരവമായി പരിശോധിക്കേണ്ടതുതന്നെയാണ്.

വിവാദങ്ങൾക്കപ്പുറം, വിചാരശുദ്ധിക്കു പ്രാധാന്യം നല്കിയാൽ, എ.ഐ. കാമറകൾ നമ്മുടെ ജീവന്റെ രക്ഷാചാലകങ്ങളായി കരുതുന്നതിൽ തെറ്റില്ല. നമ്മുടെ പ്രിയപ്പെട്ടവരുടെ ജീവൻ ഇനിയും റോഡിൽ പൊലിയാതിരിക്കാനുള്ള കരുതലും കാവലുമായി കാമറകളെ കണ്ടുതുടങ്ങാം. റോഡുസുരക്ഷ ഉറപ്പാക്കുന്നതിനുള്ള സർക്കാർശ്രമങ്ങളിൽ ഉത്തരവാദിത്വപൂർവം നമുക്കും പങ്കുചേരാം. റോഡുനിയമങ്ങൾ പാലിക്കുന്നത് കാമറയുൾപ്പെടെ ആരെയെങ്കിലും പേടിച്ചിട്ടല്ല, സാമാന്യമര്യാദയെ മാനിച്ചിട്ടാവട്ടെ; മനുഷ്യജീവനോടുള്ള സർവാദരവുംകൊണ്ടാവട്ടെ. ■

## മനോഹരം മഴനിലാവ്

ദീപനാളത്തിൽ അടുത്തകാലത്തു വായിച്ചവയിൽ ഏറ്റവും ഹൃദ്യവും ആകാംക്ഷാഭരിതവുമായ നോവലാണ് ഇഗ്നേഷ്യസ് കലയന്താനിയുടെ 'മഴനിലാവ്'. ആദ്യലക്കം മുതൽ ഓരോ അധ്യായത്തിന്റെയും അവസാനം അടുത്തലക്കത്തിൽ എന്ത് എന്നറിയാനുള്ള ജിജ്ഞാസ നിലനിർത്തിക്കൊണ്ട് ലളിതമായ ഭാഷയിൽ, നല്ല ഒഴുക്കോടെ മനോഹരമായി കഥ പറയുന്നതിൽ നോവലിസ്റ്റ് അങ്ങേയറ്റം വിജയിച്ചു. തികച്ചും ഗ്രാമീണമായ പശ്ചാത്തലത്തിൽ രൂപപ്പെടുത്തിയ ഈ നോവലിലെ കഥാപാത്രങ്ങളും സംഭവങ്ങളും നമുക്കു ചുറ്റും നടക്കുന്ന സംഭവങ്ങളുടെയും ആളുകളുടെയും നേർക്കാഴ്ചയാണ്. ഇന്ദുലേഖ, അഭിഷേക്, ആനന്ദൻ, ത്രേസ്യാമ്മച്ചി, മണപ്പള്ളിയച്ചൻ എന്നീ കഥാപാത്രങ്ങൾ മനസ്സിൽ എന്നും മായാതെ നിൽക്കും.

എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടു ജീവിതം വഴി മുട്ടി, ആത്മഹത്യയുടെ വക്കിലെത്തിയ ഇന്ദുലേഖ എന്ന നമ്പൂതിരിപ്പെൺകുട്ടിക്ക് ഒടുവിൽ രക്ഷകനായി എത്തിയത് ജോസഫ് മണപ്പള്ളി എന്ന നല്ല വൈദികൻ. മതവും ജാതിയും നോക്കാതെ ഇന്ദുവിനെ സ്വന്തം വീട്ടിലെ ഒരു അംഗത്തെപ്പോലെ കണ്ടു സ്നേഹിക്കുകയും സഹായിക്കുകയും ഒടുവിൽ അവളുടെ വിവാഹം നടത്തിക്കൊടുക്കാൻ മുൻകൈയെടുക്കുകയും ചെയ്ത ഈ പുരോഹിതൻ വൈദികസമൂഹത്തിന് നല്ലൊരു മാതൃകയാണ്. തന്നോടു ദ്രോഹം ചെയ്തവരോടു ക്ഷമിക്കാനും അവരെ സ്നേഹിക്കാനും ഇന്ദുവിനെ പഠിപ്പിച്ചത് മണപ്പള്ളിയച്ചനാണല്ലോ.

കഥാന്ത്യത്തിൽ എല്ലാം കലങ്ങിത്തെളിഞ്ഞ് സന്തോഷകരമായ ഒരു ജീവിതം ഇന്ദുലേഖയ്ക്കും അഭിഷേകിനും ആനന്ദനും കൊടുത്തതിൽ നോവലിസ്റ്റിന് അഭിനന്ദനത്തിന്റെ പൂച്ചെണ്ട്!

**പ്രകാശ് വെട്ടം**
**പാലാ**



പ്രതികരണം

## റബറിനെ ഇനി ആരു രക്ഷിക്കും?

കേരളത്തിൽ റബർകൃഷിയുടെ കാലം കഴിഞ്ഞോ? എന്തായാലും റബർകർഷകരും റബർത്തോട്ടങ്ങളും ഒരു അനാഥത്വം അനുഭവിക്കുന്നുവെന്നത് വാസ്തവമായ സംഗതിയാണ്. ഒരുകാലത്ത് പുലർകാലേ എഴുന്നേറ്റ് മെഴുകുതിരിവെളിച്ചത്തിൽ കയ്യാലമാടുകൾ കയറിയും ഇറങ്ങിയും ഓടിയോടി നടന്ന് റബർത്തോട്ടങ്ങളെ സജീവമാക്കിയിരുന്ന 'വെട്ടുകാരെ' ഓർക്കുന്നു. മെഴുകുതിരിയുടെ സ്ഥാനത്ത് പിന്നീട് നെറ്റിക്കണ്ണൻലൈറ്റുകളായി. അത്തരം കാഴ്ചകളൊക്കെ ഒളിമങ്ങിയിരിക്കുന്നു. പുതിയ തലമുറയുടെ മുഖത്ത് ആ പഴയ പ്രത്യാശയോ പ്രതീക്ഷയോ ഇന്നില്ല. അവർ മ്ലാനമുഖികളായിരിക്കുന്നു.

പുതുക്കൃഷി ചെയ്യുന്നവർതന്നെ ഇക്കാലത്തു വല്ലാതെ കുറഞ്ഞിരിക്കുന്നുവെന്നു പറയാം. ചെയ്യുന്നവരാകട്ടെ, തടി വെട്ടിമാറ്റിയ തോട്ടങ്ങളിൽ റബർത്തൈനടീൽ കൈതക്കർഷകരെ ഏല്പിക്കുകയാണ്. കാര്യം വളരെയെളുപ്പം. നമ്മൾ ഒന്നും അറിയേണ്ടാ. കുഴികുത്തി, തൈനട്ട്, വളമിട്ട് റബർത്തൈ ഒരു കൈതക്കാലം നമുക്കു പരിപാലിച്ചുതരും. മണ്ണിന്റെ ജൈവഘടന കൈതക്കൃഷി നശിപ്പിക്കുമെന്ന ഒരു നിരീക്ഷണം പൊതുവെയുണ്ടെങ്കിലും മോശമല്ലാത്ത പാട്ടത്തുകയോർത്ത് ന്യൂനതകളൊക്കെ അവഗണിക്കാൻ മനസ്സിനെ അവർ പാകപ്പെടുത്തിക്കഴിഞ്ഞു. തന്നെയുമല്ല, റബർത്തൈനടീലിന്റെ മെനക്കേടും പണിക്കൂലിയും പരിപാലനച്ചെലവും കണക്കുകൂട്ടിയാൽ കാര്യങ്ങൾ കൈതക്കാരെ ഏല്പിക്കുന്നതാണു ലാഭം.

അല്ലെങ്കിൽത്തന്നെ ആർക്കുവേണ്ടി ഇനി അധികം അധ്വാനിക്കണം? മക്കൾക്കൊന്നും കൃഷിയിലേ താത്പര്യമില്ല. അവരുടെ കണ്ണ് വെളിയിലാണ്. അവസരമൊത്തുവന്നാൽ അക്കരെ പൂകാൻ കോപ്പു കൂട്ടിയിരിക്കുകയാണവർ. ഇനി വല്ല മക്കളും കൃഷിയിൽ താത്പര്യമെടുത്താൽത്തന്നെ അഷ്ടിക്കു തികയുമോ റബർകൃഷി? വടക്കേയിന്ത്യൻ സംസ്ഥാനങ്ങളിലേക്കുംകൂടി റബർകൃഷി ആരംഭിച്ചതോടെ കേരളത്തിലെ റബറിന്റെ കുത്തക അവസാനിക്കാൻ ഇനി അധികകാലമില്ലെന്നു വേണം പറയാൻ. അതോ അപ്രതീക്ഷിതമായി മോദി ഒരു രക്ഷകനായി അവതരിക്കുമോ? കാത്തിരുന്നു കാണാം. ഡിജോ കാപ്പന്റെ റബർവിചിന്തനങ്ങളാണ് (നാളം 8) ഇങ്ങനെയൊക്കെ ചിന്തിക്കാൻ പ്രേരിപ്പിച്ചത്. കാപ്പനും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**ജോസ് തോമസ്**
**കാഞ്ഞിരപ്പള്ളി**

കടലെടുത്ത

# സ്ത്രീകൾ നയിക്കുന്ന പായ്ക്കപ്പലുകൾ




സമൂഹത്തിലെ ഭൂരിപക്ഷം കുടുംബങ്ങളും പുരുഷകേന്ദ്രീകൃതംതന്നെയാണ്. പുരുഷൻ എന്ന അച്ചുതണ്ടിനെ ചുറ്റിയാണ് എല്ലാ കുടുംബങ്ങളും ഭ്രമണം ചെയ്യുന്നത്. എപ്പോഴെങ്കിലും ഈ അച്ചുതണ്ടിന്റെ ഭ്രമണം നിലയ്ക്കുകയോ ഭ്രമണത്തിനിടയിൽ അവിചാരിതമായ സംഭവവികാസങ്ങൾ നേരിടുകയോ ചെയ്യുമ്പോൾ കുടുംബം ഒന്നാകെ നിശ്ചലമാകുന്നു.

പിന്നീട് ഈ കറക്കം മുന്നോട്ടു കൊണ്ടുപോകേണ്ടത് കുടുംബാംഗങ്ങൾ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. അതിൽ പ്രധാനം സ്ത്രീ തന്നെയാണ്. ഭാര്യ, അമ്മ, സഹോദരി എന്നീ വേഷങ്ങളിൽ ജീവിതത്തിന്റെ പകർപ്പുകൾ കൊണ്ടാടുന്നവർ കുടുംബത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു.

നടുക്കടലിൽ തുഴ നഷ്ടപ്പെട്ടുപോയ ജീവിതവഞ്ചിയെ അവർ പണിപ്പെട്ടു കരയ്ക്കടുപ്പിക്കുന്നു.

ഭർത്താവിന്റെ മരണംമുതൽ മദ്യപാനം, ഉത്തരവാദിത്വമില്ലായ്മവരെയുള്ള പല കാരണങ്ങൾ കൊണ്ടും സ്ത്രീകൾക്ക് ഈ റോൾ ഏറ്റെടുക്കേണ്ടിവന്നേക്കാം. പുരുഷന്മാരുടെ അസാന്നിധ്യമാണ് മറ്റൊരു കാരണം.

ഏതായാലും, ജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ മനസ്സു മടുക്കാതെയും നിരാശരാകാതെയും ജീവിതത്തോണി തുഴഞ്ഞുകൊണ്ട് മുന്നോട്ടുപോകാൻ സ്ത്രീകൾക്കു പൊതുവെയൊരു കഴിവുണ്ട്. അത്തരം സ്ഥിതിവിശേഷത്തിലൂടെ കടന്നുപോയ ചില സ്ത്രീകഥാപാത്രങ്ങളുടെ ജീവിതത്തിലൂടെയുള്ള സഞ്ചാരമാകട്ടെ ഇത്തവണ.

അധ്യാപകനായ വിജയൻമാഷിന്റെ കഥയിൽനിന്നു തന്നെ തുടങ്ങാം. ഭാര്യ ശ്യാമളയും രണ്ടു പെൺമക്കളും അടങ്ങുന്നതാണ് അയാളുടെ കുടുംബം. സുഖമായും സന്തോഷമായും ജീവിക്കാൻ കഴിയുന്ന ഭൗതികസാഹചര്യങ്ങളെല്ലാം അയാൾക്കുണ്ട്. പക്ഷേ, അയാൾ നൂലുപൊട്ടിയ പട്ടമാണ് എന്നതാണു വാസ്തവം. ഒരിക്കലും ഒരിടത്തും ഉറച്ചുനില്ക്കാൻ കഴിയാതെ അയാൾ പാറിപ്പറക്കുന്നു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനുള്ള കഴിവില്ലായ്മയും വിമുഖതയുമാണ് അയാളുടെ ഈ അവസ്ഥയ്ക്കു കാരണം. കൃത്യമായി സ്കൂളിൽപ്പോലും പോകാതെ സിനിമാസംവിധാനം എന്നൊക്കെപ്പറഞ്ഞു നടക്കുകയാണ് അയാളുടെ ശീലം.

എന്നാൽ, സിനിമയെക്കുറിച്ച് അയാൾക്കറിയാമോ അതൊട്ടില്ലതാനും. പറഞ്ഞുവരുമ്പോൾത്തന്നെ ഭൂരിപക്ഷം വായനക്കാർക്കും ചിത്രം പിടികിട്ടിക്കാണും. ശ്രീനിവാസന്റെ എവർഗ്രീൻ സിനിമ ചിന്താവിഷ്ടയായ ശ്യാമള. 1998 ൽ പുറത്തിറങ്ങിയതാണ് ഈ ചിത്രം.

വിജയൻമാഷിനെ നന്നാക്കിയെടുക്കാനും നേർവഴിക്കു നയിക്കാനുമുള്ള അച്ഛന്റെയും അമ്മായിയച്ഛന്റെയും ശ്രമങ്ങൾക്കൊടുവിൽ അവർക്കാർക്കും പിടികൊടുക്കാതെ ഭക്തിയുടെ മാർഗത്തിലൂടെ സഞ്ചരിച്ചു വീടുവിട്ടുപോവുകയാണ് അയാൾ. തനിക്കും തന്റെ പെൺമക്കൾക്കും ആരുമില്ലാതാകുന്ന അവസ്ഥ ശ്യാമള തിരിച്ചറിയുന്നു. ഒരു ജോലി സമ്പാദിക്കാനുള്ള വിദ്യാഭ്യാസം അവൾക്കില്ല.

തന്റെ ഉള്ളിലുണ്ടായിരുന്ന ചില കഴിവുകളെ ഉണർത്തിയെടുക്കാൻ ഇത്തരത്തിലുള്ള പ്രതികൂല സാഹചര്യങ്ങൾ അവളെ സഹായിക്കുന്നു. ചെറിയ രീതിയിൽ തുടങ്ങിയ തയ്യൽ പിന്നീട് തനിക്കുമാത്രമല്ല മറ്റുള്ളവർക്കുകൂടി വരുമാനം ഉണ്ടാക്കിയെടുക്കാൻ കഴിയുന്ന തയ്യൽയൂണിറ്റായി വികസിപ്പിച്ചെടുക്കാൻ ശ്യാമളയ്ക്കു കഴിയുന്നു. ഭർത്താവില്ലാതെയും സാമ്പത്തികസുരക്ഷിതത്വം കൈവരിക്കാൻ ശ്യാമളയ്ക്കു കഴിയുന്നുണ്ടെന്നു ചിത്രം പറയുന്നുണ്ട്. പുരുഷന്റെ തണലില്ലാതെയും ജീവിക്കാൻ ഓരോ സ്ത്രീയെയും പ്രചോദിപ്പിക്കുന്ന സിനിമയാണ് ചിന്താവിഷ്ടയായ ശ്യാമള.

ഇവിടെ ആശാന്റെ കവിതയിലെന്നതുപോലെ അതിചിന്ത വഹിച്ച് ഉദ്യാനത്തിലിരിക്കുകയല്ല ശ്യാമള. മറിച്ച്, തന്റെ സാധ്യതകളെ തിരഞ്ഞെടുക്കാനും അവയെ ക്രിയാത്മകമായി പ്രയോഗിക്കാനും കഴിയുന്നതെങ്ങനെയെന്നുള്ള പോസിറ്റീവായ ചിന്തകളാലാണ് ശ്യാമള മുന്നോട്ടുപോകുന്നത്. ഈ ചിന്തയിൽനിന്നാണ് തനിക്കും മക്കൾക്കുമുള്ള ജീവിതമാർഗം അവൾ കണ്ടെത്തുന്നതും.

ചിന്താവിഷ്ടയായ ശ്യാമളയോടു പ്രമേയപരമായി സാമ്യം പുലർത്തുന്ന ചിത്രമായിരുന്നു ഹരികുമാർ സംവിധാനം ചെയ്ത ഓട്ടോറിക്ഷക്കാരന്റെ ഭാര്യ. എം. മുകുന്ദന്റെ കഥയെ ആസ്പദമാക്കിയുള്ള ഈ സിനിമയ്ക്ക് തിരക്കഥയൊരുക്കിയതും അദ്ദേഹം തന്നെ.

സുരാജ് വെഞ്ഞാറമ്മൂടും ആൻ അഗസ്റ്റിനും കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ച സിനിമ അലസനായ ഓട്ടോഡ്രൈവർ സജീവന്റെ കഥയാണു പറഞ്ഞത്. ഓട്ടോ ഓടിക്കാതെ ലൈനിൽനിന്നു മാറി ഓട്ടോയ്ക്കുള്ളിൽ ചുരുണ്ടുകൂടി കിടന്നുറങ്ങുന്ന സജീവൻ വിവാഹിതനായപ്പോഴും പ്രകൃതത്തിൽ മാറ്റം വന്നില്ല. അയാൾ പലപ്പോഴായി പലയാവശ്യങ്ങൾക്കായി കടം വാങ്ങിയവർ വീട്ടിൽ വന്ന് ബഹളംകൂട്ടിയതിന്റെ അപമാനം ഭാര്യ രാധികയാണ് ഏറ്റുവാങ്ങിയത്. താൻ എത്രപറഞ്ഞിട്ടും അലസതയിൽനിന്നു ഭർത്താവുണരില്ലെന്നു മനസ്സിലാക്കിയ രാധിക സ്വപ്രയത്നത്താൽ ഡ്രൈവിങ് പഠിക്കുകയും ഭർത്താവിന്റെ ജോലി ഏറ്റെടുത്തു കുടുംബം നയിക്കുകയും ചെയ്യുന്നു. ഇത് ദാമ്പത്യബന്ധത്തിൽ ആദ്യം ചില ഉലച്ചിലുകളൊക്കെ സൃഷ്ടിച്ചെങ്കിലും ഭാര്യയും ഭർത്താവും ഓട്ടോഡ്രൈവർമാരായി മാറുന്നിടത്താണ് ചിത്രം സന്തോഷകരമായി പര്യവസാനിക്കുന്നത്.

ഭർത്താവിന്റെ തണലിൽ അയാൾക്കും മകൾക്കുമായി ജീവിച്ച് സാധാരണപോലെയുള്ള ഒരു ജീവിതം നയിച്ചുവരികയായിരുന്ന യുഡി ക്ലർക്കായ നിരുപമയുടെ ജീവിതത്തിൽ അപ്രതീക്ഷിതമായ ഒരു വഴിത്തിരിവുണ്ടായത് ഭർത്താവും മകളും വിദേശത്തേക്കു പോയതോടെയാണ്. അതോടെ വല്ലാത്തൊരു ശൂന്യതയിൽ അവളുടെ ജീവിതം ഇരുണ്ടുപോയി. ഉറങ്ങിയും വായിച്ചും മതിവന്നപ്പോഴാണ് ഇതുവരെയായി കുടുംബം, ഭാര്യ തുടങ്ങിയവയിൽ പരിമിതപ്പെട്ട് താൻ തന്റെ കഴിവുകളെ മുഴുവൻ കുഴിച്ചുമൂടിയിരിക്കുകയായിരുന്നുവെന്ന് അവളറിയുന്നത്.



എന്തുമാത്രം സാധ്യതകളും കഴിവുകളും ഉണ്ടായിരുന്ന പെൺകുട്ടിയായിരുന്നു നീയെന്ന കൂട്ടുകാരിയുടെ പ്രോത്സാഹനവും സ്വന്തം കഴിവുകളെ ക്രിയാത്മകമായി രൂപപ്പെടുത്തേണ്ടതിനെക്കുറിച്ചുള്ള ചിന്തകളിൽ അവളെ കൊണ്ടുചെന്നെത്തിക്കുകയായിരുന്നു. പിന്നീട് ആരും അവൾപോലും വിചാരിക്കാത്ത ഒരു വഴിയിലൂടെയായിരുന്നു ആ ജീവിതം മുന്നോട്ടുപോയത്. രാഷ്ട്രപതിയിൽ നിന്നുപോലും അവാർഡ് ഏറ്റുവാങ്ങാൻ കഴിയുന്ന വിധത്തിൽ നിരുപമയുടെ ജീവിതത്തിന്റെ ഗ്രാഫ് ഉയർന്നുനില്ക്കുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

ഒരുപാട് സ്ത്രീകൾക്ക് അവരുടെ ജീവിതവുമായി റിലേറ്റ് ചെയ്യാൻ കഴിയുന്നതിന്റെ പേരിൽ ഏറെ ശ്രദ്ധിക്കപ്പെട്ട, മഞ്ജുവാര്യർ എന്ന അഭിനേത്രിയുടെ രണ്ടാംവരവിനു നിമിത്തമായ ഹൗ ഓൾഡ് ആർ യു എന്ന ചിത്രത്തിന്റെ കഥയാണ് ഇപ്പറഞ്ഞത്. പ്രായത്തിന്റെയും പ്രാരബ്ധങ്ങളുടെയും പേരിൽ ഒരു സ്ത്രീയും തന്റെ സ്വപ്നങ്ങളെ പാതിവഴിയിലോ പെരുവഴിയിലോ ഉപേക്ഷിച്ചുകളയരുതെന്നുള്ള സൗമ്യമായ ഓർമപ്പെടുത്തലായിരുന്നു ഈ ചിത്രം.

ഒരു തയ്യൽക്കാരനായി ജീവിതമാരംഭിക്കുകയും ഗൾഫിൽ ജീവിതകാലം മുഴുവൻ അധ്വാനിക്കുകയും ചെയ്തതിനുശേഷം പ്രവാസജീവിതം അവസാനിപ്പിച്ച് മടങ്ങിവന്ന അയാൾക്ക് വലിയൊരു സ്വപ്നമുണ്ടായിരുന്നു. മികച്ച ഒരു ഫാഷൻ ഡിസൈനറാകുക. അയാളുടെ പെട്ടിനിറയെ പെൺകുട്ടികൾക്കുള്ള വിവിധ വേഷങ്ങളുടെ പുതുമയാർന്ന ഡിസൈനുകളായിരുന്നു. മകളെയും ചേർത്ത് അങ്ങനെയൊരു ബിസിനസ് ശൃംഖല വികസിപ്പിച്ചെടുക്കാനുള്ള ശ്രമത്തിനിടയിൽ അവിചാരിതമായി അയാൾ ഒരുനാൾ മരണമടയുന്നു. വാപ്പച്ചിയെ അത്രമേൽ സ്നേഹിച്ച മകൾക്ക് ആ മരണം വലിയൊരു ആഘാതമായിരുന്നെങ്കിലും തകർന്നും തളർന്നും നില്ക്കാതെ അവൾ ആ സ്വപ്നം സാക്ഷാത്കരിക്കാനുള്ള ശ്രമം തുടരുന്നു. വെല്ലുവിളികളിലൂടെ അവൾ വിജയത്തിലെത്തുന്നു. ഒരു യുവസംരംഭകയായി മകൾ മാറുന്നിടത്താണ് ഈ ചിത്രം അവസാനിക്കുന്നത്.

ഷാൻ മുരളി സംവിധാനം ചെയ്ത ഡിയർ വാപ്പിയുടെ കഥയാണിത്. ലാലാണ് പ്രസ്തുത സിനിമയിലെ വാപ്പച്ചിയെ അവതരിപ്പിച്ചത്. അനഘ നാരായണൻ മകളായും വേഷമിടുന്നു.

ആൺതുണയില്ലാത്ത കുടുംബത്തിൽ തങ്ങളെ ആക്രമിക്കാൻ വരുന്ന എല്ലാ പ്രതികൂലങ്ങളെയും വ്യക്തികളെയും സധൈര്യം നേരിടുന്ന, ആണിനൊത്ത കരുത്തോടെ കുടുംബത്തെയും സഹോദരങ്ങളെയും നയിക്കുന്ന ഈ പുഴയുംകടന്ന് എന്ന സിനിമയിലെ അഞ്ജലിയും കന്മദത്തിലെ ഭാനുമതിയും ഈ ഗണത്തിൽ പരാമർശവിഷയമാകേണ്ട കഥാപാത്രങ്ങളാണ്. മഞ്ജുവാര്യരാണ് രണ്ടു കഥാപാത്രങ്ങളെയും അവതരിപ്പിച്ചത്. ആണിന്റെ പിന്തുണയും പിൻബലവുമില്ലാതെതന്നെ ജീവിച്ചുകാണിക്കാൻ തനിക്കറിയാമെന്നാണ് ഈ രണ്ടു കഥാപാത്രങ്ങളും തങ്ങളുടെ ജീവിതത്തിലൂടെ തെളിയിക്കുന്നത്.

ഈ കഥാപാത്രങ്ങളെല്ലാം പറയുന്നത് സ്ത്രീയായതുകൊണ്ടുമാത്രം തങ്ങൾ ഒരിടത്തുനിന്നും പിന്തള്ളപ്പെട്ടുപോകേണ്ടവരല്ലെന്നും ഉറങ്ങിക്കിടക്കുന്ന തങ്ങളുടെ കഴിവുകളെ വിളിച്ചുണർത്തേണ്ടവയാണെന്നുമാണ്. പുരുഷന്റെ നിഴലിൽ ഒതുങ്ങാതെയും സ്വന്തം വ്യക്തിത്വം പണയപ്പെടുത്താതെയും ആത്മധൈര്യത്തോടെ ജീവിക്കാൻ സഹായിക്കുന്ന ഭൗതികസാഹചര്യങ്ങൾ ഇവിടെയെല്ലാ സ്ത്രീകൾക്കുമുണ്ട്. പക്ഷേ, അവരാരും അത് കണ്ണു തുറന്നുകാണുന്നില്ലെന്നുമാത്രം.

ചിന്താവിഷ്ടയായ ശ്യാമളയിലെ ശ്യാമള തന്റെ അനിയത്തി വിവാഹിതയാകുമ്പോൾ പറഞ്ഞുകൊടുക്കുന്ന ഒരു ഉപദേശമുണ്ട്. വിവാഹം കഴിഞ്ഞാലും പഠനം അവസാനിപ്പിക്കരുത്. സ്വന്തം കാലിൽ നില്ക്കാനുള്ള കരുത്തുണ്ടാകണം.

അതേ, വിദ്യാഭ്യാസം ഒരു സ്ത്രീക്കു നല്കുന്ന ആത്മവിശ്വാസം തെല്ലും നിസ്സാരമല്ല. ലോകത്തെ മനസ്സിലാക്കാനും സാഹചര്യങ്ങളെ ഉൾക്കൊള്ളാനും പ്രതികൂലങ്ങളെ നേരിടാനും അവൾക്കു കരുത്തുണ്ടാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. വിദ്യാഭ്യാസമുള്ള ഒരാൾക്കു തീർച്ചയായും ആത്മവിശ്വാസവുമുണ്ടായിരിക്കും.

അതുകൊണ്ട്, ആത്മധൈര്യത്തോടും വിശ്വാസത്തോടുംകൂടി സ്ത്രീകൾ മുന്നോട്ടിറങ്ങട്ടെ. ഭാര്യയായിപ്പോയതുകൊണ്ടോ അമ്മയായതുകൊണ്ടോ അവരുടെ സാധ്യതകൾ അവസാനിക്കുന്നില്ല. സ്വന്തം കഴിവുകളെ തിരിച്ചറിഞ്ഞ്, സുരക്ഷിതലാവണങ്ങൾ വിട്ടുപേക്ഷിച്ച് മുന്നിട്ടിറങ്ങുമ്പോൾ വിജയം അവളെ തേടിവരും. അപ്പോൾ അവൾ ആയിരിക്കുന്ന അവസ്ഥകൾപോലും അപ്രസക്തമാകും.

■

# മാർ ജോൺ പനന്തോട്ടത്തിൽ അഭിഷിക്തനായി





മെൽബൺ: മെൽബൺ രൂപതയുടെ ദ്വിതീയമെത്രാനായി മാർ ജോൺ പനന്തോട്ടത്തിൽ അഭിഷിക്തനായി. പരിശുദ്ധ ദൈവമാതാവിന്റെ സന്ദർശനത്തിരുനാൾ ദിനമായ മേയ് 31 ബുധനാഴ്ച മെൽബണിലെ ക്യാമ്പെൽഫീൽഡിലുള്ള പരിശുദ്ധ കന്യകാമറിയത്തിന്റെ നാമധേയത്തിലുള്ള കൽദായ കത്തോലിക്കാ ദൈവാലയത്തിലായിരുന്നു മെത്രാഭിഷേകച്ചടങ്ങുകൾ.

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി മുഖ്യകാർമികത്വം വഹിച്ച തിരുക്കർമങ്ങളിൽ പ്രഥമ മെത്രാൻ മാർ ബോസ്കോ പുത്തൂർ, താമരശ്ശേരി രൂപത ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എന്നിവർ സഹകാർമികരായിരുന്നു. വികാരി ജനറാൾ മോൺ. ഫ്രാൻസിസ് കോലഞ്ചേരി തിരുക്കർമങ്ങളിൽ ആർച്ചുഡീക്കനായി പങ്കെടുത്തു.

മാർ ജോൺ പനന്തോട്ടത്തിലിനെ മെൽബൺ രൂപതയുടെ മെത്രാനായി നിയമിച്ചുകൊണ്ടുള്ള ഫ്രാൻസിസ് മാർപാപ്പായുടെ ഉത്തരവ് ഓസ്ട്രേലിയായിലെ അപ്പസ്തോലിക് ന്യൂൺഷ്യോ ആർച്ചുബിഷപ് ചാൾസ് ബാൽവോ വായിച്ചു.

യൂറോപ്പിലെ സീറോ മലബാർ അപ്പസ്തോലിക് വിസിറ്റേറ്റർ ബിഷപ് മാർ സ്റ്റീഫൻ ചിറപ്പണത്ത്, രാജ്കോട്ട് ബിഷപ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ, ജഗ്ദൽപൂർ മെത്രാൻ മാർ ജോസഫ് കൊല്ലംപറമ്പിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ ഉൾപ്പെടെ ഓഷ്യാനിയയിലെ വിവിധ രൂപതകളിൽനിന്നുള്ള മുപ്പതോളം ബിഷപ്പുമാരും മെൽബൺ രൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരും ഓസ്ട്രേലിയയിലും ന്യൂസിലാൻഡിലും മറ്റു രൂപതകളിൽ സേവനം അനുഷ്ഠിക്കുന്ന മലയാളിവൈദികരും രൂപതയുടെ വിവിധ ഇടവകകളിൽനിന്നും മിഷനുകളിൽനിന്നുമായി ആയിരത്തോളം അല്മായരും സ്ഥാനാരോഹണച്ചടങ്ങുകൾക്കു സാക്ഷ്യംവഹിച്ചു. കൂടാതെ, ഓസ്ട്രേലിയൻ ഫെഡറൽ - വിക്ടോറിയ സംസ്ഥാനതല മന്ത്രിമാരും സാമൂഹികസാംസ്കാരിക മേഖലയിലെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു.




മാത്യൂസ് ആർപ്പൂക്കര

## നീലക്കോഴി

ജലസസ്യങ്ങൾ നിറഞ്ഞ കുളങ്ങളിലും കൃഷിയില്ലാത്ത വയലുകളിലുമെല്ലാം നീലക്കോഴികളെ കാണാം. കേരളത്തിലും നീലക്കോഴികളെ കണ്ടുവരുന്നു. ഒറ്റ നോട്ടത്തിൽ ഇവ ചെറിയ മയിലാണെന്നു തോന്നിക്കും. നീലക്കോഴികൾ കൂട്ടമായി ജീവിക്കുന്ന പക്ഷികളാണ്. പേരുപോലെതന്നെ ഇവയുടെ ശരീരമാകെ നീലനിറമായിരിക്കും. എന്നാൽ, കാലുകളും കൊക്കും നെറ്റിയും കടുംചുവപ്പുനിറവും. ഇത് ഇവയെ പെട്ടെന്നു തിരിച്ചറിയാൻ സഹായിക്കുന്നു. ഇവയുടെ കാലുകൾക്കു നീളം കൂടുതലുണ്ട്. കണ്ണുകൾക്കും കൊക്കിനും വലുപ്പം കുറവാണ്. വാല് നീളം കുറഞ്ഞ് കുറുകിയതുമാണ്.

നീലക്കോഴിക്കു സാധാരണമായി നമ്മുടെ നാടൻകോഴിയുടെ വലുപ്പം വരും. ഇവ ഇടയ്ക്കിടെ വാൽ പൊക്കുകയും താഴ്ത്തുകയുമൊക്കെ ചെയ്യാറുണ്ട്. വാലിന്റെ അടിഭാഗത്തെ വെള്ള കാണാനാവുക അപ്പോഴാണ്. പാടങ്ങളിലെയും കുളങ്ങളിലെയും ചെടികൾ വളർന്നുനിൽക്കുന്ന ഭാഗത്തായിരിക്കും ഇവയുടെ താവളം. നീലക്കോഴികളുടെ മുട്ടകൾക്കു വെള്ളനിറമായിരിക്കും. അവയിൽ ചുവപ്പു കലർന്ന തവിട്ടുനിറത്തിലുള്ള കുത്തുകളുണ്ടാകും. വംശനാശഭീഷണി നേരിടുന്ന പക്ഷിയാണ് നീലക്കോഴി. Grey headed swamphon എന്നോ Purple moorhen എന്നോ ഇംഗ്ലീഷിൽ വിളിക്കും. ശാസ്ത്രനാമം porphyrio poliocephalus. ചുരുക്കത്തിൽ കോഴിയുടെ വലുപ്പമുള്ളതും താറാവിനെപ്പോലെ ജലാശയങ്ങളിൽ കഴി



യാൻ ഇഷ്ടപ്പെടുന്നതുമായ നീലക്കോഴി റാല്ലിഡേ കുടുംബത്തിൽപ്പെട്ടതാണ്. കുളക്കോഴിവർഗത്തിലെ ഏറ്റവും വലിയ പക്ഷിയാണിത്. പൊതുവെ ശാന്തപ്രകൃതം. ജലസസ്യങ്ങൾക്കിടയിൽ കെട്ടുന്ന കൂട് പെട്ടെന്നു കണ്ണിൽപ്പെട്ടെന്നു വരില്ല. ജൂൺ മുതൽ സെപ്റ്റംബർ വരെയാണ് മുട്ടയിടുക.

FROM THE BIBLE


50



ഫാ. തോമസ് പാട്ടത്തിൽചിറ CMF

കല്ലറയുടെ കവാടവും കടന്ന് കൈയും വീശി അവൻ നടന്നുനീങ്ങി. മൂന്നുനാൾമുമ്പ് അവനെ മരക്കുരിശിൽ തൂക്കിക്കൊന്ന്, അടക്കിയ ഒട്ടുമിക്കവരും ആ കുടീരം എല്ലാറ്റിന്റെയും ഒടുക്കമാണെന്നു കരുതിയിരുന്നു. കരങ്ങൾ കെട്ടിയും കരണത്തടിച്ചും മുൾക്കിരീടമണിയിച്ചും മുഖത്തുതുപ്പിയും കൂകിവിളിച്ചും കൈകാലുകൾ തുളച്ചും, കുന്തത്താൽ കുത്തിയുമൊക്കെ മോഷ്ടാക്കളുടെമധ്യേ തങ്ങൾ ക്രൂരമായി ക്രൂശിലേറ്റിയവന്റെ കഥ ആ കല്ലറയ്ക്കുള്ളിലെ കുറച്ചു കച്ചച്ചുരുളുകൾക്കുള്ളിൽ കഴിഞ്ഞുവെന്നവർ കണക്കുകൂട്ടിയിരുന്നു. പക്ഷേ, മൂന്നാംപക്കം മരണമയക്കത്തിൽനിന്ന് അവൻ മെല്ലെ മിഴിതിരുമ്മിയുണർന്നു. മനുഷ്യപുത്രന്റെ മഹത്ത്വീകരണമായിരുന്നു പുനരുത്ഥാനപ്പുലരിയിൽ പൂർത്തീകരിക്കപ്പെട്ടത്. ഇഹത്തിൽ റിച്ചുള്ള നമ്മുടെ പ്രത്യാശ. അവിടെ നമ്മുടെയൊക്കെ വിശ്വാസത്തിന്റെ പാറപ്പുറത്ത് സമാധാനത്തിന്റെ സമ്മാനവുമായി ഉത്ഥിതൻ ഉണർന്നിരിപ്പുണ്ട്. അഴലുകളുടെ ആഴങ്ങളിൽനിന്നു മോചനത്തിന്റെ മുകൾപ്പരപ്പിലേക്ക് ഒരു കാത്തുനില്പുണ്ടിവിടെ. വേദനകളുടെയും വിലാപങ്ങളുടെയും കാലങ്ങളിൽ കരഞ്ഞപേക്ഷിച്ചാൽമാത്രം മതി. വിളിപ്പാടകലെ വിലാപ്പുറത്തെ മുറിവുണങ്ങിയവൻ മുഖാഭിമുഖമിരിപ്പുണ്ട്. അടികളേറ്റ ആ ആട്ടിടയനെ അനുഗമിക്കുന്നവരും ചോരചിന്തിയ ആ ചെമ്മരിയാടിനെ നെഞ്ചോടു ചേർക്കേണ്ടവരും കുരിശിൽ തൂങ്ങിയ കാവൽക്കാരനെ കൂട്ടുപിടിക്കേണ്ടവരുമായ നാമും മഹത്ത്വത്തിലേക്കുതന്നെയാണ് വിളിക്കപ്പെട്ടിരിക്കുന്നത്. കദനങ്ങളും കഷ്ടതകളുമൊക്കെ കലങ്ങിത്തെളിയുമെന്നുള്ള ശുഭപ്രതീക്ഷയോടെ അനുദിനജീവിതത്തിലെ ഞെരുക്കങ്ങളിൽ തളരാതെ നീങ്ങാം.

## മഹിതോത്ഥാനം



ഇമ്മാനുവേലായി അവതരിച്ചതിനും, കഠിനപീഡകളുടെ കയ്പുനീരു കുടിച്ചതിനും പാരിന്റെ പാപഭാരം പരാതികൂടാതെ പേറിയതിനും അവനിക്കും അംബരത്തിനും നടുവിൽക്കിടന്ന് ആത്മാവിനെ തനിക്കു സമർപ്പിച്ചതിനുമൊക്കെ പ്രതിസമ്മാനമായി തന്റെ അരുമസുതനെ ദൈവം ഉയിർപ്പിച്ചു. മുൾമുടിയിരുന്ന മൂർധാവിൽ മഹത്ത്വത്തിന്റെ മരതകകിരീടവും തുളയ്ക്കപ്പെട്ട കരങ്ങളിൽ തൂവെള്ളക്കൊടിയുമായി അവൻ ഉയിർത്തെഴുന്നേറ്റു.

മണ്ണിൽ കഴിഞ്ഞ കാലമത്രയും ഒരു മനുഷ്യനു കഴിയുന്നതിലധികം കഷ്ടതകൾ അവൻ സഹിച്ചു. കാലിത്തൊഴുത്തിൽ കണ്ണുതുറന്നപ്പോൾമുതൽ കാൽവരിയിൽ കരളുതുറന്നപ്പോൾവരെ തിക്താനുഭവങ്ങളുടെ തീക്കനലുകളാണ് അവൻ തിന്നിരുന്നത്. പീഡകളുടെ പുസ്തകത്താളുകൾ മുഴുവൻ അവനു മനഃപാഠമായിരുന്നു. അതുകൊണ്ടാണ് പീഡാസഹനമരണങ്ങളിലൂടെ തന്റെ മനുഷ്യപ്രകൃതിയുടെ തികവിലെത്തിയ ആ മനുഷ്യപുത്രനെ തിരുവുത്ഥാനത്തിന്റെ മുഹൂർത്തത്തിൽ നീതിസ്വരൂപനായ ദൈവം മഹത്ത്വത്തിന്റെ ഒളിമങ്ങാത്ത മേലങ്കി അണിയിച്ചതും. ശാപചിഹ്നമായിരുന്ന കുരിശിന്റെ കുഴിയിൽനിന്ന് ശൂന്യമായ ശവകുടീരത്തിലേക്കുള്ള ദൂരമാണു സഹനങ്ങളിൽനിന്നു സമാധാനത്തിലേക്കും നരകഗർത്തത്തിൽനിന്നു നാകഭാഗ്യത്തിലേക്കുമുള്ളത്. ജനിമൃതികൾക്കിടയിലെ ജീവിതനാളുകളിൽ ദൈവവിചാരത്തോടെ സഹനങ്ങളെ സ്വീകരിച്ചാൽ കാലക്രമേണ അവയോരോന്നും കണക്കെഴാത്ത കൃപകൾക്കു കാരണമാകുമെന്ന ബോധ്യം നമുക്കുണ്ടാകണം. ജീവിതത്തിലെ ശ്യാമദുഃഖവെള്ളികളിൽനിന്നും പ്രകാശപൂരിതമായ ഉത്ഥാനഞായറുകളിലേക്കു പ്രത്യാശയുടെ ഒരു കല്ലേറു ദൂരമേയുള്ളൂ. ക്രിസ്തുതന്നെയാണ് ആ ദൂരം. കാരണം, അവനാണു മഹത്ത്വത്തെക്കു

സങ്കടങ്ങളും സഹനങ്ങളും സഹചാരികളായിരിക്കും. എന്നാൽ, അവയെക്കാൾ വലിയവയെ അതിജീവിച്ചവൻ സഹയാത്രികനായുണ്ട് എന്നതാണ് നമ്മുടെ സമാശ്വാസം. മൃതിക്കുപോലും ഇനി നമ്മുടെ മേൽ അന്തിമവിജയമുണ്ടാവില്ല. കാരണം, കർത്താവിന്റെ കല്ലറയുടെ മൂടി മാറ്റപ്പെട്ടപ്പോൾ മരണനാഗത്തിന്റെ വായാണു മൂടപ്പെട്ടത്. സത്യനായകനെയും അവന്റെ സുവിശേഷത്തെയുംപ്രതിയുള്ള നമ്മുടെ സഹനങ്ങളുടെ മഹത്ത്വീകരണത്തെക്കുറിച്ചുള്ള പ്രത്യാശയുടെ കൈത്തിരിയും കൊളുത്തിപ്പിടിച്ച്, കർത്തൃവചസ്സുകൾ കരളിലെ കല്ലെഴുത്താക്കിക്കൊണ്ട്, വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും വഴിയിലൂടെ അനുദിനം മുന്നേറാനുള്ള വരം ഉത്ഥിതൻ നമുക്കു നല്കുമാറാകട്ടെ. വിശ്വത്തെ മുഴുവൻ വിസ്മയിപ്പിച്ചുകൊണ്ട് ഇന്നും കത്തിനില്ക്കുന്ന ക്രിസ്തു എന്ന കെടാവിളക്ക് കാലാന്ത്യത്തോളം ഓരോ ക്രിസ്ത്യാനിയുടെയും വീടിന്റെ നാഥൻതന്നെയായിരിക്കും.

*(അവസാനിച്ചു)*

# ഗോകുലത്തിന്റെ കുതിപ്പിൽ വനിതാഫുട്ബോളിൽ പ്രതീക്ഷ



സനിൽ പി. തോമസ്




**ക**ളത്തിലിറങ്ങിയിട്ട് അഞ്ചു വർഷം. ഇതിനിടെ ഇന്ത്യൻ വനിതാലീഗ് ഫുട്ബോൾ കിരീടം മൂന്നു തവണ സ്വന്തമാക്കി. ഗോകുലം കേരള എഫ്.സി. രചിച്ചത് തിളക്കമാർന്ന ചരിത്രം. 'കേരള' എന്ന പേരുണ്ടെങ്കിലും കേരള ബ്ലാസ്റ്റേഴ്സ്പോലെ ഇതൊരു പ്രഫഷണൽ ഫുട്ബോൾ ക്ലബാണ്. കേരളതാരങ്ങൾ വിരലിലെണ്ണാൻ മാത്രം. പക്ഷേ, കേരളത്തിൽനിന്നുള്ള ക്ലബ് എന്ന ലേബലിൽ അഖിലേന്ത്യാവിജയങ്ങൾ നേടുമ്പോൾ അതിന്റെ പ്രതിഫലനം കേരള ഫുട്ബോളിലും ഉണ്ടാകും. അതാണു ഗോകുലം കേരളയുടെ വനിതാ ടീം നമുക്കു നൽകുന്ന പ്രതീക്ഷയും.

ഏറ്റവും ഒടുവിൽ, അഹമ്മദാബാദിൽ 'കിക്ക് സ്റ്റാർട്ട് കർണാടക'യെ എതിരില്ലാത്ത അഞ്ചു ഗോളിനു തകർത്താണ് ഗോകുലം ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഹാട്രിക് തികച്ചത്. യുവ പരിശീലകൻ ആന്റണി സാംസൺ ആൻഡ്രൂസിന്റെ ശിക്ഷണത്തിൽ വിദേശതാരങ്ങളും ഇന്ത്യൻ താരങ്ങളും നിറഞ്ഞ, യുവത്വം ഏറെയുള്ള ഒരു ടീമാണ് ജൈത്രയാത്ര തുടരുന്നത്. ഒരു കളിയും തോൽക്കാതെയായിരുന്നു ഇത്തവണത്തെ കിരീടനേട്ടം.

നേപ്പാളിൽനിന്നുള്ള സാംബയെന്ന സബിത്ര ഭണ്ഡാരി പത്തു മത്സരങ്ങളിൽ 29 തവണ ലക്ഷ്യം കണ്ടു. 2019-20 ൽ ഗോകുലത്തിനൊപ്പം ചേർന്ന സബിത്ര ഇന്ത്യൻ വനിതാ ലീഗിലെയും ടോപ് സ്കോറർ ആണ് (45 ഗോൾ). സബിത്ര മുന്നിൽനിന്നു നയിച്ചപ്പോൾ മഞ്ജു ബേബി, സി. രേശ്മ, സോണിയ ജോസ്, പി.എം. ആരതി, കെ. മാനസ, എം.പി. ഗ്രീഷ്മ എന്നീ മലയാളിതാരങ്ങളും കളം നിറഞ്ഞു.

പ്രാഥമികറൗണ്ടിൽമാത്രം ഇത്തവണ 53 ഗോൾ നേടിയ ഗോകുലം വനിതകൾ ലീഗിൽ ആകെ 64 ഗോൾ നേടി; ഏറ്റവും കൂടുതൽ ഗോൾ നേടിയ ടീം എന്ന ലേബൽ സ്വന്തമാക്കി. നേരത്തേ, 2020 ലും 2022 ലും ജേതാക്കളായ ഗോകുലം (2021 ൽ ലീഗ് നടന്നില്ല). ഈ സീസണിൽ, കേരള വനിതാ ലീഗിലെ രണ്ടാം സ്ഥാനക്കാരായാണ് ദേശീയ ലീഗിലെത്തിയത്. കേരളലീഗിൽ ലോർഡ്സ് എഫ്.എ. കൊച്ചിയായിരുന്നു ജേതാക്കൾ.

എ.എഫ്.സി. വനിതാ ക്ലബ് ചാമ്പ്യൻഷിപ്പിന്, രണ്ടുതവണ യോഗ്യതനേടിയ ഗോകുലം 2021 ൽ ജോർദാനിലെ അമ്മാനിൽ എ.എഫ്.സി. ക്ലബ് ഫുട്ബോളിൽ മൂന്നാംസ്ഥാനം നേടിയിരുന്നു. പോയവർഷം അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷനെ ഫിഫ സസ്പെൻഡ് ചെയ്തിരുന്നതിനാൽ താഷ്കെന്റിൽ മത്സരിക്കാനായില്ല. അടുത്ത ഊഴം കാത്തിരിക്കുകയാണ് താരങ്ങൾ.

കോഴിക്കോട് ആസ്ഥാനമായി ഗോകുലം കേരള എഫ്.സി. പ്രവർത്തനം തുടങ്ങിയത് 2017 ലായിരുന്നു. ഗോകുലം വനിതകൾ ആദ്യ ഇന്ത്യൻ ലീഗ് കിരീടം ചൂടിയപ്പോൾ മലയാളി പി.വി. പ്രിയയായിരുന്നു പരിശീലക. പ്രിയ ഇന്ത്യൻ ടീമിനൊപ്പം ചേർന്നപ്പോൾ, മുംബൈയിൽനിന്നുള്ള ആന്റണി പരിശീലകനായി.

ഘാനയിൽനിന്നുള്ള ബിയാട്രിസ് കെഷിയ, (ഗോളി), വിവിയൻ അഡെയ് എന്നിവരും സബിത്രയ്ക്കു പുറമേ ടീമിലെ വിദേശ സാന്നിധ്യമായി. ഇന്ദുമതി കതിരേശൻ, സന്ധ്യ രംഗനാഥൻ, ഗ്രേസ് ഭംഗമേയ് (നായിക), റോജ ദേവി എന്നിവരൊക്കെ ഇന്ത്യൻ താരങ്ങളാണ്. 2017 ൽ തുടങ്ങിയ വനിതാലീഗിൽ മൂന്നു വർഷംകൊണ്ട് ആധിപത്യം ഉറപ്പിക്കാൻ മലബാറിയൻസ് എന്നു വിശേഷിപ്പിക്കാവുന്ന ഗോകുലം കേരളയ്ക്കു സാധിച്ചു.

മുൻ ചാമ്പ്യൻമാരായ സേതു എഫ്സി ഇക്കുറി സെമിയിൽ കിക്ക് സ്റ്റാർട്ടിനോടു തോറ്റപ്പോൾ ഗോകുലം സെമിയിൽ കീഴടക്കിയത് ഈസ്റ്റേൺ സ്പോർട്ടിങ് യൂണിയനെയാണ്. ഗ്രൂപ്പ് മത്സരങ്ങളിൽ ഏഴിലും ആറും ജയിച്ച (ഒരു സമനില) ഗോകുലത്തിന്റെ സെമി വിജയം 5-1 നായിരുന്നു. വനിതാലീഗിന്റെ ആറാം പതിപ്പാണ് അഹമ്മദാബാദിലെ ട്രാൻസ് സ്റ്റേഡിയത്തിൽ സമാപിച്ചത്. കൊവിഡ്മൂലം 2021 ൽ ലീഗ് നടന്നില്ല.

കേരള ബ്ലാസ്റ്റേഴ്സിനു പിന്തുണയുമായി മഞ്ഞപ്പട ഗാലറികൾ നിറയ്ക്കുമ്പോൾ വനിതാടീമിന് അത്രത്തോളം ആരാധകർ ഉണ്ടാകില്ല. പക്ഷേ, ഈ കുതിപ്പ് തുടർന്നാൽ കഥ മാറും. ഗോകുലം കേരളയുടെ പുരുഷ ടീം 'ഐ' ലീഗിൽ പലതവണ മികവു കാട്ടിയത് വനിതാനിരയ്ക്കു പ്രചോദനമായിട്ടുണ്ട്.

യൂറോപ്പിലെ ടോപ് ഡിവിഷൻ ഫുട്ബോളിൽ ഹാട്രിക് നേടുന്ന ആദ്യ ഇന്ത്യക്കാരിയായ ജ്യോതി ചൗഹാൻ (മധ്യപ്രദേശ്) ഗോകുലത്തിന്റെ മുൻ കളിക്കാരിയാണ്. ക്രൊയേഷ്യൻ വനിതാലീഗിലാണ് ജ്യോതി കളിക്കുന്നത്. കേരളത്തിലെ വനിതാ ഫുട്ബോളിന്റെ കഥയെടുത്താൽ, ധാക്കയിൽ സാഫ് അണ്ടർ 17 വനിതാ ഫുട്ബോളിൽ ഇന്ത്യ നേപ്പാളിനെ തോൽപ്പിച്ചപ്പോൾ (4-1) മലയാളിതാരം ഷിൽജി ഷാജി ഹാട്രിക് നേടി. എല്ലാം ശുഭസൂചനകൾതന്നെ.

വനിതാ ഫുട്ബോൾ, അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്റെ കീഴിൽ വരുംമുമ്പ് കേരളത്തിനു നേട്ടങ്ങൾ ഏറെയുണ്ടായിരുന്നു. പക്ഷേ, ഇത് ഔദ്യോഗികനേട്ടങ്ങളായി എണ്ണാനാവില്ല. അക്കാലത്ത് ഇന്ത്യ ഏഴുതവണ ദേശീയ ജൂനിയർ കിരീടം ചൂടി. രണ്ടു തവണ റണ്ണേഴ്സ് അപ് ആയി. നാലു തവണ ദേശീയ സബ്ജൂനിയർ ചാമ്പ്യന്മാരായി. 1991 ൽ അനൗദ്യോഗിക ദേശീയ ചാമ്പ്യൻഷിപ്പിൽ, തിരുവനന്തപുരത്ത് ബീഹാറിനെ തോൽപിച്ച് (2-0) ചാമ്പ്യൻഷിപ് നേടിയ ചരിത്രവും കേരളത്തിനുണ്ട്. രണ്ടുതവണ കേരളവനിതകൾ റണ്ണേഴ്സ് അപ് ആയിരുന്നു.

വനിതാ ഫുട്ബോൾ നടത്തിപ്പ് അഖിലേന്ത്യ ഫുട്ബോൾ ഫെഡറേഷൻ ഏറ്റെടുത്തശേഷം ദേശീയചാമ്പ്യൻഷിപ്പിൽ കേരളം മൂന്നുതവണ മൂന്നാംസ്ഥാനം കരസ്ഥമാക്കി. 2006 ൽ ഭിലായ്യിൽ ഫൈനലിൽ കടന്നെങ്കിലും മണിപ്പൂരിനോടു പരാജയപ്പെട്ടു.

ഒളിമ്പ്യൻ കിട്ടു മുൻകൈയെടുത്ത് 1975 ൽ കേരളത്തിൽ വനിതകൾക്കായി ഫുട്ബോൾ സംഘടന രൂപവത്കരിച്ചു. തിരുവനന്തപരുത്ത് മത്സ്യബന്ധനമേഖലയിലും കോട്ടയത്തും തലശേരിയിലും കണ്ണൂരിലുമൊക്കെയാണ് വനിതകൾ ഫുട്ബോൾ കളിയിൽ സജീവമായത്. തിരുവനന്തപുരത്ത് ഷാജി സി. ഉമ്മനും കണ്ണൂരിൽ എം.ആർ.സി. കൃഷ്ണനും കോട്ടയത്ത് വാസുക്കുട്ടനും പാച്ചനുമൊക്കെ വനിതകളെ ഫുട്ബോൾ പരിശീലിപ്പിച്ചു. സാമ്പത്തികമായി പിന്നാക്കം നിന്ന കുടുംബങ്ങളിൽനിന്നെത്തിയ പെൺകുട്ടികൾക്ക് ഫുട്ബോൾകളി പ്രതീക്ഷയായി. ബുദ്ധിമുട്ടുകൾ മറന്ന് അവർ കളത്തിലിറങ്ങി. പലരും ഇന്ത്യൻ ടീമിൽത്തന്നെയെത്തി. പലർക്കും സർക്കാർ സർവീസിൽ സ്പോർട്സ് ക്വോട്ടായിൽ ജോലിയും കിട്ടി. പിറവത്ത് ജോമോൻ പരിശീലിപ്പിച്ച കുട്ടികൾക്കും അവസരങ്ങൾ കൈവന്നു.

ഇന്നു കാലം മാറി. പ്രഫഷണലിസം വനിതാ ഫുട്ബോളിലും എത്തി. ഇനി നല്ല നാളെകൾ പ്രതീക്ഷിക്കാം. ഗോകുലം കൈവരിച്ച വിജയങ്ങൾ മാറ്റത്തിനു തുടക്കമാകട്ടെ.

■

# റാങ്കുകളുടെ തിളക്കത്തിൽ ദേവമാതാ കോളജ്

*എം.ജി. സർവകലാശാല ബി എ മലയാളം പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ അനുപ്രിയ ജോജോ, മൂന്നാം റാങ്ക് നേടിയ സിസ്റ്റർ ജിന്റു ജയസ്, ബി എസ് സി ഫിസിക്സ് മൂന്നാം റാങ്ക് നേടിയ ആര്യ ഭക്തകുമാർ, ബി എസ് സി ബോട്ടണി മൂന്നാം റാങ്ക് നേടിയ അപർണ ജോർജ്, ബി കോം കോ-ഓപ്പറേഷൻ രണ്ടാം റാങ്ക് നേടിയ അമല റോഷൻ.*

കുറവിലങ്ങാട്: എം.ജി. സർവകലാശാല ബിരുദപരീക്ഷയിൽ ദേവമാതാ കോളജിന് 13 റാങ്ക്. ബി.എ. മലയാളം, ബിഎസ്സി ഫിസിക്സ്, ബിഎസ്സി ബോട്ടണി, ബികോം - കോ-ഓപ്പറേഷൻ, ബികോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ വിഷയങ്ങളിലാണ് ദേവമാതായിലേക്ക് റാങ്ക് എത്തിയത്.

ബി എ മലയാളത്തിന് ഒന്നാം റാങ്കടക്കം ലഭിച്ചത് കോളജിന് അഭിമാനമായി. അനുപ്രിയ ജോജോയാണ് ഒന്നാംറാങ്ക് നേടിയത്. സിസ്റ്റർ റിന്റു ജയസ് മലയാളത്തിലെ മൂന്നാം റാങ്കും മെറിൻ ഷാജി ഏഴാം റാങ്കും വി. നിത്യ ഒൻപതാം റാങ്കും നേടി. ബി എസ് സി ഫിസിക്സിൽ ആര്യ ഭക്തകുമാർ മൂന്നാം റാങ്ക് നേടി. ബി എസ് സി ബോട്ടണിയിൽ മൂന്നാം റാങ്ക് അപർണ ജോർജും പത്താം റാങ്ക് ആതിര രാജേന്ദ്രനും നേടി.

ബി കോം കോ-ഓപ്പറേഷനിൽ 2, 6, 9 റാങ്കുകൾ ദേവമാതായ്ക്കാണ്. രണ്ടാം റാങ്ക് അമല റോഷനും ആറാം റാങ്ക് അഖിൽ അലക്സും ഒൻപതാം റാങ്ക് അശ്വതി പ്രസാദും നേടി. ബി കോം കമ്പ്യൂട്ടർ ആപ്ലിക്കേഷനിലും 3 റാങ്കുകൾ. മൂന്നാം റാങ്ക് നമിത ബാബുവും ആറാം റാങ്ക് ആൽബിൻ മാത്യുവും പത്താം റാങ്ക് റെയ്സ് റോയിയും നേടി.

Deepanalam Weekly
RNI No : 16998/68
Vol. 56 No. 15 Date of Publication 8 June 2023
Annual Subscription Rate ₹400 (For Abroad ₹4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org